Vol.XXVII,No.7 July 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# മസി സത്സംഗം യു.പി.യിലെ മീററ്റിൽ

## ബ്രിട്ടീഷ് ഭരണത്തിനെതിരെ ആദ്യ പട്ടാള വിപ്ലവം നടന്ന പട്ടണത്തിൽ ദൈവശബ്ദത്തിന്റെ മുഴക്കം

**മീറ്റ്** : ജി.എം.ഐ യുടെ 2011 ലെ വടക്കേ ഇൻഡ്യൻ സുവിശേഷ മഹായോഗങ്ങളുടെ തുടക്കം കുറിച്ച് കൊണ്ട് ഏപ്രിൽ മാസം 28 -ാം തീയതി വ്യാഴാഴ്ച മുതൽ മേയ് മാസം ഒന്നാം തീയതിവരെ ഉത്തർപ്രദേശിലെ മീററ്റ് പട്ടണത്തിൽ മസി സത്സംഗം നടന്നു.

ന്യൂഡൽഹിക്ക് വടക്കു കിഴക്ക് 73 കി.മി അകലെ ഉത്തർപ്രദേശ് സംസ്ഥാനത്താണ് മീററ്റ്. 14 ലക്ഷത്തിലധികം ജനങ്ങൾ പാർക്കുന്ന ഈ പട്ടണം ഇന്ത്യയിലെ 17-ാമത്തെ വലിയ പട്ടണവും വളർച്ചയിൽ 12-ാം സ്ഥാനത്തും നില്ക്കുന്നു. 4 യൂണിവേഴ്സിറ്റികളും 217 കോളേജുകളുമുള്ള മീററ്റ് 65% സാക്ഷരത നേടിയ പട്ടണമാണ്. ഉത്തർ പ്രദേശിലെ ഏറ്റവും കൂടുതൽ മുസ്ലീം ജനസംഖ്യയും ഈ പട്ടണത്തിലാണ്. 1822 - ൽ പണിതീർത്ത സെന്റ് ജോൺസ് പള്ളി ഇന്ത്യയിലെ വളരെ പുരാതനമായ പള്ളികളിലൊന്നാണ്. മാത്രമല്ല 1857 -ൽ ബ്രിട്ടീഷ് ഭരണത്തിനെതിരെയുണ്ടായ ആദ്യത്തെ പട്ടാള വിപ്ലവത്തിൽ (Mutiny) ഈ പള്ളി കേന്ദ്രീകരിച്ച് ശക്തമായ യുദ്ധം ഇന്ത്യൻ പട്ടാളക്കാരും ബ്രിട്ടിഷ് പട്ടാളക്കാരും തമ്മിൽ നടക്കുകയുണ്ടായി. മീററ്റ് പട്ടണത്തിൽ നിന്നും 20 കി. മീറ്റർ അകലെയുള്ള സർദാനാ എന്ന സ്ഥലത്ത് മീററ്റ് മുസ്ലീം രാജ കുടുംബത്തിൽ നിന്നും ആദ്യമായി ക്രിസ്തുവിശ്വാസം സ്വീകരിച്ച ബീഗം സമ്റു (Samru) പണികഴിപ്പിച്ച "Basihica of Our Lady of Grace"എന്ന കത്തോലിക്കപള്ളിയും സ്ഥിതി ചെയ്യുന്നു. ഈ പള്ളി കത്തോലിക്കരുടെ തീർത്ഥാടന കേന്ദ്രമായിത്തീർന്നു.



**ദൈവശബ്ദത്തിനായി കാതോർത്ത്**
*മീററ്റിലെ ഹോവാർഡ് പ്ലാസ്റ്റഡ് ഇംഗ്ലീഷം മീഡിയം സ്കൂൾ ഗ്രൗണ്ടിൽ നടന്ന മസി സത്സംഗിൽ പങ്കെടുത്ത ജനാവലി*

മീററ്റ് പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഹോവാർഡ് പ്ലാസ്റ്റഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന്റെ ഗ്രൗണ്ടിൽ നടന്ന മസി സത്സംഗ് മീററ്റിലുള്ള എല്ലാ ക്രിസ്തീയ സഭകളുടെയും സഹകരണത്തോടെയാണ് സംഘടിപ്പിക്കപ്പെട്ടത്.

28-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം സി.എൻ.ഐ സീനിയർ പാസ്റ്ററായ റവ. ഡോ. പീറ്റർ ബൽദേവ മസി സത്സംഗ് ഉത്ഘാടനം ചെയ്തു. ആദ്യദിവസം മുതൽ തന്നെ ഗ്രൗണ്ട് നിറയെ ജനം സുവിശേഷം കേൾക്കുവാൻ വന്നു ചേർന്നിരുന്നു. ആദ്യരാത്രിയിൽത്തന്നെ ദൈവം ധാരാളം രോഗികളോട് മനസ്സലിഞ്ഞ് അവരെ സൗഖ്യമാക്കി. നാലു രാത്രികളിലും ധാരാളം ക്രിസ്തേതരർ വചനം കേൾക്കുവാൻ വന്നുചേരുകയും, ദൈവീകാനുഗ്രഹങ്ങളും രോഗസൗഖ്യവും പ്രാപിച്ചു ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. സേവനത്തിൽ നിന്ന് വിരമിച്ച ഡിഫൻസ് ഉദ്യോഗസ്ഥൻ കേണൽ ഐവാൻ പീപ്പിൾസ് എന്ന വ്യക്തിയുടെ ഹൃദ്രോഗം ദൈവം സൗഖ്യമാക്കിയത് ശ്രദ്ധേയമായി. ആദ്യരാത്രി സൗഖ്യം ലഭിച്ച ഈ വ്യക്തി 2-ാമത്തെ രാത്രിയിൽ സാക്ഷ്യം പ്രസ്താവിച്ചത് അനേകർക്ക് പ്രചോദനമായിരുന്നു. പ്രൊഫസർ. ഡോക്ടർ സൻജയ് ഗ്രിഫിത്തിനെ ദൈവം കുടുംബമായി വിളിച്ച് അനുഗ്രഹിച്ചതും, അവർ കുടുംബമായി സാക്ഷ്യം പ്രസ്താവിച്ചതും ദൈവനാമ മഹത്വം ഗ്രൗണ്ടിൽ ഉയർത്തിപ്പിടിക്കുവാൻ മുഖാന്തരമായിത്തീർന്നു.

നാലുദിവസവും ഗാനശുശ്രൂഷക്കായി ഇൻഡോറിൽ നിന്നും റവ.റോബർട്ട് കേൽക്കറും ടീമും എത്തിച്ചേർന്നു. ബ്രദർ ഡി.ജെ. അജിത് കുമാർ നൽകിയ സന്ദേശങ്ങൾ ഛത്തീസ് ഘട്ടിലെ റവ. ഒളിവർ ആൽഫ്രഡ് ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തി. അനേകർക്ക് ദൈവീക സ്പർശവും, സൗഖ്യവും, സമാധാനവും ദാനം ചെയ്ത ഈ മസി സത്സംഗിന് മേയ് ഒന്നാം തീയതി ഞായറാഴ്ചയോടെ തിരശ്ശീല വീണു.










**അടയാളങ്ങളാലും അത്ഭുതങ്ങളാലും വചനം സത്യം എന്നു തെളിയിക്കപ്പെട്ടു**
*മീററ്റിൽ നടന്ന മസി സത്സംഗത്തിൽ അത്ഭുത രോഗശാന്തിയും, വിടുതലും അനുഭവിച്ചവർ വചനശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കും ശേഷം മുന്നിലേക്കു വന്നു അവരുടെ അനുഭവങ്ങൾ പങ്കുവക്കുന്നു.*

# ഫലം കായ്ക്കുന്ന ചിദംബരം കിരുപൈ ആശ്രമം

തമിഴ്നാട്ടിലെ ചിദംബരത്തുള്ള ജി.എം.ഐയുടെ ആശ്രമമായ വള്ളത്തുറൈയിലെ കിരുപൈ ആശ്രമം മുഖാന്തിരം രക്ഷയുടെ അനുഭവത്തിലായ അഞ്ച് വ്യക്തികൾ സ്നാനപ്പെട്ട് ക്രിസ്തുവിന്റെ സഭയോട് ചേർന്നു. കൊള്ളിഡാം നദിയിൽ വച്ച് നടന്ന ഈ ശുശ്രൂഷയിൽ അനേകം തദ്ദേശവാസികൾ സന്നിഹിതരായിരുന്നു. ഇതിനോടനുബന്ധിച്ച് മൂന്നു ദിവസത്തെ സുവിശേഷയോഗങ്ങളും ക്രമീകരിച്ചിരുന്നു. സഹോ. സന്തോഷ്കുമാർ, സഹോ. ജയപോൾ എന്നിവർ ഈ യോഗങ്ങളിൽ സന്ദേശം നൽകി. സ്നാനം സ്വീകരിച്ച എല്ലാ വ്യക്തികളും തങ്ങൾ ക്രിസ്തുവിലേക്ക് നയിക്കപ്പെട്ടതിനെ കുറിച്ചുള്ള സാക്ഷ്യം പ്രസ്താവിച്ചു.



***ഞങ്ങൾ ക്രിസ്തുവിനോടു ചേർന്നവർ***
*സ്നാനമേറ്റവർ കിരുപൈ ആശ്രമത്തിൽ, അവിടത്തെ സുവിശേഷകൻ ശ്രീ. മോസസ് അൻപുരാജിനോടൊപ്പം*

### സഞ്ചുഗാന്ധി



ഞാൻ ചെന്നൈയിൽ ഒരു ലോറി ഡ്രൈവറായി ജോലി ചെയ്യുന്നു. എന്റെ കുട്ടിക്കാലം മുതൽതന്നെ വിഗ്രഹാരാധാനയോട് വെറുപ്പായിരുന്നു. യേശുക്രിസ്തുവിനോടും ക്രിസ്തീയ ഉപദേശങ്ങളോടും വളരെ താത്പര്യമുണ്ടായിരുന്നു. ഈയിടക്ക് ഞാൻ എന്റെ ജോലി സ്ഥലത്തു നിന്നും വീട്ടിൽ വന്നപ്പോൾ എന്റെ മാതാപിതാക്കൾ യേശുക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തെക്കുറിച്ച് എന്നോട് പറഞ്ഞു. യേശുവിനെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള ആഗ്രഹം എന്നിൽ ഉണ്ടായി. ജോലി സ്ഥലത്തേയ്ക്ക് മടങ്ങിപ്പോയതിനു ശേഷവും ഞാൻ ഇതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരുന്നു. കഴിഞ്ഞ മാസം എന്റെ സഹോദരന്റെ വിവാഹത്തിൽ പങ്കെടുക്കുവാനായി ഞാൻ ഭവനത്തിലേക്ക് വന്നു. അപ്പോൾ രണ്ടുദിവസം കൂടുതൽ ഭവനത്തിൽ തങ്ങേണ്ടിവന്നു. ആ ദിവസം ചിദംബരം ആശ്രമത്തിലെ ആചാര്യയെ കാണുവാനിടയായി. അദ്ദേഹം എന്നെ കൂട്ടായ്മയിലേക്ക് ക്ഷണിച്ചു. ഞാൻ കിരുപൈ ആശ്രമത്തിൽ നടക്കുന്ന കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ആരംഭിച്ചു. ഇത് എന്നിൽ വളരെ വ്യതിയാനം ഉണ്ടാക്കി. കൂട്ടായ്മയിൽ സംബന്ധിക്കുമ്പോൾ സമാധാനവും സന്തോഷവും ആത്മാവിൽ പൂർണ്ണ സ്വാതന്ത്ര്യവും അനുഭവിക്കുവാൻ കഴിയുന്നു. ഇപ്പോൾ ഞാൻ വളരെ സന്തോഷവാനാണ്. അതിനാൽ ഞാൻ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും ജലസ്നാനമേൽക്കുകയും ചെയ്തു.

### കനക



ഏകയായി താമസിക്കുന്ന അവിവാഹിതയായ എനിക്ക് 55 വയസ്സുണ്ട്. ബാല്യകാലം മുതൽ തന്നെ യേശുവിനെ സ്നേഹിച്ചിരുന്നുവെങ്കിലും ക്രിസ്തീയ കൂട്ടായ്മകളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നില്ല. കിരുപൈ ആശ്രമം ഈ ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചതു മുതൽ അവിടെ നടക്കുന്ന കൂട്ടായ്മകളിൽ ഞാൻ പങ്കെടുത്തു വരുന്നു. അത് എന്റെ മനസ്സിന് പരിപൂർണ്ണ സമാധാനവും സന്തോഷവും നൽകി. ഞാൻ യേശുവിനെ സ്നേഹിക്കുന്നു.

### രത്നവല്ലി



55 വയസ്സു പ്രായമുള്ള എനിക്ക് 35 വയസ്സുള്ള ഒരു മകൻ ഉണ്ട്. മകൻ കുടുംബത്തോടൊപ്പം കഴിയുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഞാൻ കഠിനമായ നെഞ്ചുവേദനയാൽ ഭാരപ്പെടുകയായിരുന്നു. സൗഖ്യത്തിനായി പലവഴികളും തേടി. ഒരിക്കൽ ഈ ആലയത്തെപ്പറ്റി കേൾക്കുകയും കൂട്ടായ്മയിൽ കടന്നുവരുവാൻ ആരംഭിക്കുകയും ചെയ്തു. ക്രമേണ ഞാൻ പൂർണ്ണസൗഖ്യം പ്രാപിച്ചു. യേശുവാണ് എന്നെ സൗഖ്യമാക്കിയത് എന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവായ യേശുവിനെ ഞാൻ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. ജലസ്നാനമേൽക്കുവാൻ തീരുമാനമെടുത്ത അവസരത്തിൽ ഞാനൊരു സ്വപ്നം കാണുവാൻ ഇടയായി. ആ സ്വപ്നത്തിൽ ഒരു പെൺകുട്ടി സ്നാനമേൽക്കുന്നതിൽ നിന്ന് എന്നെ വിലക്കുന്നതായി ഞാൻ കണ്ടു. എന്നാൽ അത് സാത്താന്റെ തന്ത്രമാണെന്ന് ഞാൻ മനസ്സിലാക്കി. ക്രമേണ സ്നാനത്തിനായുള്ള എന്റെ തീരുമാനം കൂറെക്കൂടെ ബലപ്പെട്ടു. ഇപ്പോൾ ഞാൻ പൂർണ്ണസന്തോഷവും, സമാധാനവും അനുഭവിക്കുന്നു. ദൈവത്തിന് മഹത്വം.

### ശാന്ത



എനിക്ക് 45 വയസ്സുണ്ട്. എനിക്ക് ഒരു മകനും, രണ്ട് പെൺമക്കളും ഉണ്ട്. ഒരു വർഷമായി ഞാൻ ഇവിടെ നടക്കുന്ന കൂട്ടായ്മയിൽ കടന്നുവരുന്നു. ഞാൻ നിരാശയിലും ഹൃദയം തകർന്ന അവസ്ഥയിലുമായിരുന്നു. വിവിധ ദർശനങ്ങളിലൂടെയും, സ്വപ്നങ്ങളിലൂടെയും ദൈവം എന്നോട് സംസാരിച്ചു. ഇപ്പോൾ ഞാൻ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചിരിക്കുന്നു. ജലസ്നാനമേൽക്കുവാനുള്ള അവസരം കർത്താവ് എനിക്ക് തന്നു. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

### പൂങ്കുവത്തായി



എന്റെ കുടുംബത്തിൽ എന്റെ അമ്മയും സഹോദരിയുമാണ് ആദ്യമായി യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചത്. എന്റെ ഭർത്താവ് ഈ വിശ്വാസത്തിന് എതിരായിരുന്നു. ഞാൻ രോഗത്താൽ ക്ലേശമനുഭവിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ വിശ്വാസത്തിനും ആചാരത്തിനും അനുസൃതമായി പൂജകളും, പ്രാർത്ഥനകളും കഴിച്ചുപോന്നു. എന്നാൽ അതിനാലൊന്നും ഞാൻ സൗഖ്യം പ്രാപിച്ചില്ല. ഒരുദിവസം എന്റെ ഭർത്താവ് തന്നെ എന്നോട് ഇവിടെ നടക്കുന്ന കൂട്ടായ്മയിൽ പങ്കെടുക്കുവാൻ പറഞ്ഞു. അന്ന് ആദ്യമായിട്ടായിരുന്നു ഞാനൊരു കൂട്ടായ്മയിൽ പങ്കെടുത്തത്. അതിനാൽ കൂട്ടായ്മയിൽ പങ്കെടുക്കുന്ന മറ്റുള്ളവരുമായി ഇടപെടുവാൻ എനിക്ക് വളരെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ ക്രമേണ യേശു എന്നോട് സംസാരിക്കുവാൻ ആരംഭിച്ചു. ക്രിസ്തുവിന് ജാതിമത വ്യത്യാസമില്ലെന്ന് നാമെല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്നും എനിക്ക് മനസ്സിലായി. ഇപ്പോൾ എനിക്ക് അത്തരത്തിലുള്ള യാതൊരു ചിന്തകളും ഇല്ല. ഞാൻ ജലസ്നാനമെടുക്കുവാൻ തീരുമാനിച്ചു. പരിശുദ്ധാത്മാവിലുള്ള സന്തോഷവും സമാധാനവും ഞാൻ അനുഭവിക്കുന്നു. ഇപ്പോൾ ഞാൻ പൂർണ്ണസൗഖ്യമുള്ളവളാണ്. യേശുവിന് നന്ദി. ✵

### ഞെരുക്കത്തെ വിശാലമാക്കുന്നു



ആന്ധ്രാപ്രദേശിലെ രംഗറെഡ്ഡി ജില്ലയിലെ വികരാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറിയായ സഹോ. ശാലേം രാജുവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ പങ്കെടുത്തുവരുന്ന 12 പേർ അടങ്ങിയ ഒരു കുടുംബം രണ്ടു മുറികൾ മാത്രമുള്ള ഒരു ചെറിയ ഭവനത്തിൽ താമസിക്കുകയായിരുന്നു. കൂടുതൽ സൗകര്യങ്ങളുടെ ഒരു വീടിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കർത്താവ് അത്ഭുതം പ്രവർത്തിക്കുകയും അവർക്ക് താമസിക്കുവാനായി നല്ലൊരു ഭവനം ലഭിക്കുകയും ചെയ്തു. ഇപ്പോൾ എല്ലാ ആഴ്ചയിലും ആ ഭവനത്തിൽ അനുഗ്രഹിക്കപ്പെട്ട രീതിയിൽ ഈ കൂട്ടായ്മ നടത്തുന്നു. മാത്രവുമല്ല പാത്തൂർ ഗ്രാമത്തിലെ ലക്ഷ്മിയും, രത്നവും രക്ഷിക്കപ്പെട്ടു ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേരുവാനും സഹോ.ശാലേം രാജുവിന്റെ പ്രവർത്തനം മുഖാന്തരമായിത്തീർന്നു.



ക്രിസ്തീയ ആത്മീയത - 19

# ജ്ഞാനം നൽകുന്ന ആത്മീയത

*ഡി.ജെ. അജിത്കുമാർ*

**പ**ഴയ പുതിയ നിയമങ്ങളിൽ ധാരാളം കാണുന്ന ബൈബിളിലെ ഒരു പ്രധാന ചിന്തയാണ് ജ്ഞാനം. *ഹാഖ്മാഹ്* എന്നു എബ്രായയിലും *സൊഫിയ* എന്നു ഗ്രീക്കിലും ജ്ഞാനത്തെ പ്രധാനമായി അറിയപ്പെടുന്നു. ദൈവശാസ്ത്രജ്ഞന്മാർ മൂന്നു പുസ്തകങ്ങളെ (ഇയ്യോബ്, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി) ചേർത്ത് ജ്ഞാന സാഹിത്യം എന്നു പേരിട്ടു. ജ്ഞാനം എന്ന വിഷയമാണ് ജ്ഞാനസാഹിത്യത്തിൽ പ്രധാനമായി ചർച്ച ചെയ്യുന്നത്. ജ്ഞാനസാഹിത്യത്തിനു വെളിയിലും പ്രധാനമായി പുതിയ നിയമത്തിലും ജ്ഞാനത്തെക്കുറിച്ച് അനേക പരാമർശങ്ങളുണ്ട്. പുതിയ നിയമത്തിൽ ലോക ജ്ഞാനവും, ദൈവീക ജ്ഞാനവും തമ്മിൽ വേർതിരിച്ച് പഠിപ്പിക്കുകയും ദൈവീക ജ്ഞാനം പ്രാപിക്കാനുള്ള ആഹ്വാനം നൽകുകയും ചെയ്യുന്നു. ക്രിസ്തീയ ആത്മീയത ജ്ഞാനത്തിന്റെ ആത്മീയത എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് ദൈവീക ജ്ഞാനമാണ് ലോക ജ്ഞാനമല്ല.

**ജ്ഞാനയോഗം കർമ്മയോഗത്തിന് വഴിമാറി. ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്ന പുരുഷാരത്തെക്കണ്ട് മനസ്സലിഞ്ഞതും, കരയുന്നവരോട് കൂടെ കരഞ്ഞതും, മനുഷ്യരുടെ പ്രാഥമിക ആവശ്യങ്ങളെ നിറവേറ്റികൊടുക്കുവാൻ അത്ഭുതങ്ങൾ ചെയ്തതും അതുകൊണ്ടാണ്. തന്റെ കർമ്മപരിപാടിയിൽ വിമോചനത്തിന്റെ കാഹളശബ്ദം ഉയർന്നു. ഭൗതീകമായും, സാമൂഹികമായും ആത്മീകമായും ബന്ധനത്തിലിരുന്നവർ വിമോചിക്കപ്പെട്ടു. ദൈവീകജ്ഞാനം ലഭിച്ചവർ ക്രിസ്തുവിന്റെ ആ പാതയെ പിന്തുടരണം. ഇന്നത്തെ ആൾദൈവങ്ങളെപ്പോലെ പേരിനും പ്രശസ്തിക്കുംവേണ്ടി ഏതെങ്കിലും ചാരിറ്റി ചെയ്ത് കോടീശ്വരന്മാരായി ജീവിക്കുന്ന "ബാവാ ആത്മീയത" യല്ല ഇത്. ജ്ഞാനം ലഭിച്ചവന് മിണ്ടാതിരിക്കുവാൻ കഴിയില്ല.**

### ജ്ഞാനം പഴയ നിയമത്തിൽ

*ഹാഖ്മഹാഹ്* എന്നു എബ്രായ പദത്തിൽ ആദ്യപ്രയോഗം പുറ. 28:3 ലാണ് കാണുന്നത്. അഹരോന് പുരോഹിത വസ്ത്രം ഉണ്ടാക്കുവാൻ ദൈവം ചിലർക്ക് ജ്ഞാനം നൽകുന്നു. സമാഗമന കൂടാരം പണിയുവാൻ ബെസലേലിന് ജ്ഞാനം നൽകുന്നു (പുറ. 31:1-5) പിന്നെ ബെസലേലിനോട് കൂടെ പണി ചെയ്യുവാൻ അനേകർക്കു ജ്ഞാനം നൽകുന്നു (31:6, 36:8). എബ്രായമത സംസ്കാരത്തിൽ നിന്നുടലെടുത്ത ഒരു വിഭാഗം രചനകൾ ജ്ഞാനസാഹിത്യം എന്നപേരിൽ അറിയപ്പെട്ടു. മുകളിൽ പറഞ്ഞതല്ലാതെ ചില സങ്കീർത്തനങ്ങൾ (19,37,104,107, 147,148) അപ്പോക്രിഫയിലെ പ്രഭാഷകൻ, ശലോമോന്റെ വിജ്ഞാനം തുടങ്ങിയവയും ഈ ഗണത്തിൽപ്പെടുന്നു. ശലോമോൻ രാജാവായപ്പോൾ ജ്ഞാനം ലഭിക്കാൻ പ്രാർത്ഥിച്ചു (2 ദിന. 1:10). ദൈവം അതു അദ്ദേഹത്തിനു നൽകി (1രാജ. 10:23,24).

പഴയനിയമത്തിലെ ആത്മീയതക്ക് പുതിയ നിയമത്തിലെ ആത്മീയതയുമായി വ്യത്യാസം ഉള്ളത് പോലെ തന്നെ പഴയനിയമത്തിൽ പ്രതിപാദിക്കുന്ന ജ്ഞാനം ദൈനം ദിനജീവിതത്തിലെ പ്രായോഗിക ആവശ്യങ്ങളിലേക്ക് ആവശ്യമായ ജ്ഞാനവും കൂടെയാണെന്ന് മനസിലാക്കുന്നു (യെശ. 10:13, 1 രാജാ. 2:6, 1 രാജാ- 3:16-25, 4:29 -34). അതേസമയം, ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുന്നതാണ് ജ്ഞാനം എന്ന ചിന്തയും ശക്തമായി പഴയനിയമത്തിലുണ്ട് (ആവ. 4:6, യിര. 8:8,9). ദൈവത്തിന്റെ ആത്മാവ് ജ്ഞാനത്തിന്റെ ആത്മാവാണ് (യെശ. 11:2). ജ്ഞാനത്തെ വ്യക്തിവൽക്കരിക്കുന്നതാണ് സദൃ. 8. ലോഗോസ് (വചനം) ദൈവം ആണെന്ന് പറയുന്നത് പോലെ (യോ. 1:1-18) ജ്ഞാനത്തെ ദൈവത്തോട് ഉപമിക്കുന്നു. കർത്താവിനോടുള്ള ഭക്തിയും ദോഷം വിട്ടു നടക്കുന്നതും ആണ് ജ്ഞാനം എന്നു പഠിപ്പിക്കുന്നു(ഇയ്യോ. 28:28). ദൈവം തന്റെ കൃപയാൽ മനുഷ്യന് ദാനമായി നൽകുന്നതാണ് ജ്ഞാനം (2 ശമു. 14:17, 16:23, 19:27, 1 രാജ. 3:3-14). അതേ സമയം അതിതേന്ദ്രിയമായും (Transcendent) ജ്ഞാനത്തെ ചിത്രീകരിച്ചിരിക്കുന്നു(സദൃ. 8:22-31). ജ്ഞാനത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു : " അവളുടെ ചൈതന്യം വിവേകമുള്ളതും വിശുദ്ധവും അതുല്യവും ബഹുമുഖവും സൂക്ഷ്മവും ചലനാത്മകവും സ്പഷ്ടവും നിർമ്മലവും വ്യതിരക്തവും ക്ഷതമേൽപിക്കാനാവാത്തതും നന്മയെ സ്നേഹിക്കുന്നതും തീക്ഷ്ണവും അപ്രതിരോധ്യവും ഉപകാരപ്രദവും ആർദ്രവും സ്ഥിരവും ഭദ്രവും ഉത്കണ്ഠയിൽ നിന്നു മുക്തവും സർവശക്തവും സകലത്തെയും നിയന്ത്രിക്കുന്നതും ബുദ്ധിയും നൈർമല്യവും സൂക്ഷ്മതയുമുള്ള ചേതനകളിലേക്കു ചുഴിഞ്ഞിറങ്ങുന്നതുമാണ്. എല്ലാ ചലനങ്ങളെയുംക്കാൾ ചലനാത്മകമാണ് ജ്ഞാനം; അവൾ തന്റെ നിർമലതയാൽ എല്ലാറ്റിലും വ്യാപിക്കുന്നു; ചൂഴ്ന്നിറങ്ങുന്നു. അവൾ ദൈവശക്തിയുടെ ശ്വാസവും, സർവശക്തന്റെ മഹത്വത്തിന്റെ ശുദ്ധമായ നിസ്സരണവുമാണ്. മലിനമായ ഒന്നിനും അവളിൽ പ്രവേശമില്ല; നിത്യതേജസ്സിന്റെ പ്രതിഫലനമാണവൾ, ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ നിർമലദർപ്പണം, അവിടുത്തെ നന്മയുടെ പ്രതിരൂപം. ഏകയെങ്കിലും സകലതും അവൾക്കു സാധ്യമാണ്, മാറ്റത്തിന് അധീനയാകാതെ അവൾ സർവവും നവീകരിക്കുന്നു, ഓരോ തലമുറയിലുമുള്ള വിശുദ്ധചേതനകളിൽ പ്രവേശിക്കുന്നു; അവരെ ദൈവമിത്രങ്ങളും പ്രവാചകരുമാക്കുന്നു. ദൈവം എന്തിനെയുംക്കാളുപരി ജ്ഞാനികളെ സ്നേഹിക്കുന്നു. ജ്ഞാനത്തിനു സൂര്യനെക്കാൾ സൗന്ദര്യമുണ്ട്. അവൾ നക്ഷത്രരാശിയെ അതിശയിപ്പിക്കുന്നു. പ്രകാശത്തോടു തുലനം ചെയ്യുമ്പോൾ അവൾ തന്നെ ശ്രേഷ്ഠ; കാരണം, പ്രകാശം ഇരുട്ടിനു വഴിമാറുന്നു; ജ്ഞാനത്തിനെതിരേ തിന്മ ബലപ്പെടുകയില്ല. (ജ്ഞാനം. 7:23-30). ഭൂമിയിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ജ്ഞാനം, സ്വാധീനം ചെലുത്തുന്നു. അവൾ എല്ലാകാര്യങ്ങളും നന്നായി ക്രമപ്പെടുത്തുന്നു. ഞാൻ യൗവനം മുതൽ അവളെ സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്തു അവളെ വരിക്കാൻ ഞാൻ അഭിലഷിച്ചു. അവളുടെ സൗന്ദര്യത്തിൽ ഞാൻ മതിമറന്നു. ദൈവത്തോടൊത്തു ജീവിച്ച് തന്റെ കുലീനജന്മം അവൾ മഹത്വപ്പെടുത്തുന്നു. എല്ലാറ്റിന്റെയും കർത്താവ് അവളെ സ്നേഹിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ആദ്യത്തെ പട അവളാണ്; അവിടുത്തെ പ്രവർത്തനങ്ങളിൽ കൂട്ടാളിയും. ധനസമ്പാദനം ജീവിതത്തിൽ അഭികാമ്യമാണെങ്കിൽ സർവവും സാധ്യമാക്കുന്ന ജ്ഞാനത്തിലുപരി ധനം എന്തുണ്ട്? അറിവ് പ്രവർത്തന ക്ഷമമാണെങ്കിൽ സകലതും വിരചിക്കുന്നത് അവളല്ലാതെ ആരാണ്?"(ജ്ഞാനം. 8:1-6).

ക്രിസ്ത്യാനിത്വത്തെ അജ്ഞേയവാദത്തോട് ചേർത്ത് (Scepticism) പറയുന്നവർക്കുള്ള മറുപടിയാണ് ബൈബിളിലെ ജ്ഞാനത്തെക്കുറിച്ചുള്ള ചിന്തകൾ. പ്രകാശം ഇരുട്ടിനെ പുറത്താക്കുന്നതുപോലെ ജ്ഞാനം മൂഢതയെ പുറത്താക്കുന്നു (സഭാ. 2:13) എന്നാൽ ജ്ഞാനബഹുത്വത്താൽ വ്യസനബാഹുല്യം ഉണ്ട്; അറിവു വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു. ഇതിനുള്ള ഉദാഹരണമാണ് ഇയ്യോബിനുണ്ടായ വേദനകൾ. അതാണ് ഇയ്യോബിന്റെ പുസ്തകവും ജ്ഞാന സാഹിത്യ കൃതിയായത്. ആധുനിക ശാസ്ത്രത്തിൽ നിന്ന് വിശാസത്തിലേക്കുള്ള ഒരു പാലത്തിന്റെ പണിയാണ് വേദപുസ്തകത്തിലെ ജ്ഞാനം ആവശ്യപ്പെടുന്നത്.

### ജ്ഞാനം പുതിയനിയമത്തിൽ

*സൊഫിയ, ഫ്രൊനെസിസ്* എന്നീ പദങ്ങളാണ് പുതിയനിയമത്തിൽ ജ്ഞാനത്തിന് നൽകിയിരിക്കുന്നത്. *സൊഫിയ*യെ സിദ്ധാന്തപരവും (Theoretical) *ഫ്രൊനെസിസി*നെ പ്രായോഗികപരമായും (Practical)മനസ്സിലാക്കണം.(*Sophia* is the insight into the true nature of things, *Phronesis* is the ability to discern modes of action with a view to their results ; while *Sophia* is theoretical, *Phronesis* is practical). ഫ്രൊനെസിസിന് ഇംഗ്ലീഷിൽ 'Prudance'എന്ന് കാണുന്നു. വിവേകം, ദീർഘദൃഷ്ടി, പ്രായോഗികജ്ഞാനം എന്നൊക്കെയുള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. പരിജ്ഞാനം (knowledge) എന്ന വാക്കും ഇതിനോട് ചേർത്ത് ചിന്തിക്കേണ്ടതാണ്. 'ഗിനോസ്ക്കൊ' (ginosko) മനസിലാക്കുക, അറിയുക എന്നാണതിന്റെ അർത്ഥം. ജ്ഞാനവാദം (gnosticism) എന്ന വാക്കും ഈ മൂലശബ്ദത്തിൽ നിന്നാണുണ്ടായത്. ജ്ഞാനം (wisdom) പരിജ്ഞാനം (knowledge) വിവേകം (understanding) വിവേചനം (discern) എന്നീ വാക്കുകൾ മാറിമാറി ഉപയോഗിച്ചിരിക്കുന്നുവെങ്കിലും ഇതിനെല്ലാം വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്.

ജ്ഞാന ഉപദേശങ്ങൾ പഴയനിയമത്തിൽ നിന്നും നിയമങ്ങളുടെ മധ്യകാലത്തു കൂടെ പുതിയനിയമത്തിലേക്കു പ്രവേശിച്ചു. സമാന്തര സുവിശേഷങ്ങളിൽ യേശുവിനെ ജ്ഞാനോപദേഷ്ടാവായിട്ടാണ് (റബ്ബി) ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഗിരിപ്രഭാഷണം ഒരു മഹർഷിയുടെ സന്ദേശ ശൈലിയായി കാണുന്നത്. യേശുവിന്റെ ജ്ഞാനത്തെ ശലോമോന്റെ ജ്ഞാനത്തെക്കാൾ വലുതാണെന്ന് പറഞ്ഞു (ലൂ. 11:31, മത്താ. 11:42, മർ. 6:2). യേശു ജ്ഞാനത്തിൽ വളർന്നു (ലൂ. 2:40,52). യേശു ജ്ഞാന

*(ശേഷം അടുത്ത പേജിൽ)*

# ഒറീസ്സയിൽ വചന വെളിച്ചത്തിനായി ഒരു തിരിനാളം

## ഒറീസയിലെ ടൈംസ് ക്ലാസ്സുകൾക്ക് ആരംഭം



*പ്രാർത്ഥനയോടെ ആരംഭം: റവ. ബിദു നന്ദ ഒറീസയിലെ TIMES ഉത്ഘാടനം ചെയ്യുന്നു*

**ജി.**എം.ഐയുടെ വിദൂര വേദപഠന ശാഖയായ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ ആന്റ് ഇവാഞ്ചലിസം സ്റ്റഡീസ് (TIMES) ഒറീസയിൽ ആരംഭിച്ചു. 2011 മെയ് 14-ന് ജി.എം.ഐ സ്റ്റേറ്റ് കോർഡിനേറ്റർ ബ്രദർ. തിക്കേശ്വർ നാഗിന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ ചർച്ച് ഒഫ് നോർത്ത് ഇന്ത്യ (CNI), സാമ്പൽപൂർ ഡയോസിസിലെ വികാരി റവ. ബിദു നന്ദ ദീപം തെളിയിച്ച് ഈ അനുഗ്രഹീത ശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ റവ. സാമുവേൽകുമാർ, ജി.എം.ഐയുടെ TIMES പ്രതിനിധിയായ ബ്രദർ. തോമസ് ജോൺ, ഒറീസയിലെ ജി.എം.ഐ മിഷണറിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. TIMESന് കീഴിൽ നടക്കുന്ന BCS, Dip. C.S, CTh എന്നീ കോഴ്സുകൾക്കായി ഇവിടെ 24 പേർ രജിസ്റ്റർ ചെയ്തു. TIMES ന്റെ ക്ലാസ്സുകൾ ഇപ്പോൾ ആന്ധ്രാ, മധ്യപ്രദേശ്, വെസ്റ്റ്ബംഗാൾ, നേപ്പാൾ, കേരളം എന്നീ സംസ്ഥാനങ്ങളിൽ കൂടെ നടന്നുവരുന്നു. ഭാരതസുവിശേഷീകരണം ലക്ഷ്യമാക്കി ജി.എം.ഐ ആരംഭിച്ച ഈ ദൈവശാസ്ത്ര പരിശീലന ശാഖാ വളർന്നു കൊണ്ടിരിക്കുന്നു. ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ ഈ വർഷം നവംബർ മാസത്തിൽ യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നു.

---

*(3-ാംപേജിന്റെ തുടർച്ച..)*

ത്തിൽ നിറഞ്ഞിരുന്നു. യേശു തന്നെ ജ്ഞാനമായി തീർന്നു (മത്താ. 11:2-19, ലൂ. 10:22, മത്താ. 11:27, ലൂ - 11:49 - 51, മത്താ. 23:34-39, ലൂ-7:31-35, ലൂ-13:34,35). യേശു ജ്ഞാനത്തിന്റെ വെളിപ്പാടായിരുന്നു (മത്താ. 11:25-27, ലൂ. 10:21,22). യോഹന്നാൻ സുവിശേഷത്തിലെ ലോഗോസും, സദൃശ്യ. 8 ലെ ജ്ഞാനവും ഒന്നുതന്നെയാണ്. പൗലൊസ് യേശുവിനെ പറയുന്നത് ദൈവത്തിന്റെ ജ്ഞാനം എന്നാണ് (1 കൊ. 1 :24,30). യേശുവിൽ എല്ലാജ്ഞാനവും നിക്ഷേപമായിരിക്കുന്നു (കൊലൊ - 2:3). ദൈവം നൽകുന്ന ജ്ഞാനവും പരിജ്ഞാനവും പ്രാപിക്കാൻ പൗലൊസ് പലവട്ടം പഠിപ്പിക്കുന്നുണ്ട്. സഭയ്ക്കുവേണ്ടി അതിനായി അദ്ദേഹം പ്രാർത്ഥിക്കുന്നതും കാണാം. (എഫെ. 1:17-20, 3: 8-10, 17-19, കൊലൊ. 1:15-20, 4:5, എഫെ. 5:15, കൊലൊ. 4:5) യാക്കോബിന്റെ ലേഖനത്തിലും ധാരാളം വചനങ്ങൾ ഇതുമായി ബന്ധപ്പെട്ടു കാണാം (യാ. 1:5, 3:17,18). ദൈവം ജ്ഞാനം നിറഞ്ഞവനാണ്, ജ്ഞാനം ദൈവത്തിനുള്ളതാണ് (റോ. 11:33, വെളി. 7:12, വെളി. 5:12). ജ്ഞാനത്താൽ നിറഞ്ഞവർ ക്രിസ്തീയ ശുശ്രൂഷകൾ ചെയ്യുവാൻ തെരഞ്ഞെടുക്കപ്പെടുന്നു. (അപ്പൊ. 6:3,10, 7:10, 1 കൊ. 2:6,9, 12:8, എഫെ. 1:8,17, കൊലൊ. 1:9). ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും വചനം എന്നത് ഒരു കൃപാവരമായി പൗലൊസ് ഓർമ്മിക്കുന്നു (1 കൊ. 12:4,5)

### ലോകത്തിന്റെ ജ്ഞാനവും, ദൈവീക ജ്ഞാവും

1 കൊ. 1:19-25 വചനങ്ങളിൽ പൗലൊസ് ഇവ രണ്ടിനെയും വേർതിരിച്ച് കാണിക്കുന്നു. ഇവിടെ ലോകജ്ഞാനം എന്നു ഉദ്ദേശിച്ചിരിക്കുന്നത് അന്ന് നിലനിന്നിരുന്ന ജ്ഞാനമതത്തിന്റെ (gnosticism) ഉപദേശത്തെയാണ്. ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള യവന മതത്തിന്റെ നുഴഞ്ഞുകയറ്റം മുഖാന്തിരം അനേക ദുരുപദേശങ്ങൾ ഉണ്ടായി. ജ്ഞാനമതം യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിന്റെ ആവശ്യകതയെയും യേശുവിന്റെ അനുപമത്വത്തേയും വെല്ലുവിളിച്ചു. ഈ മതചിന്തയ്ക്കെതിരെയാണ് പൗലൊസ് ഇവിടെ ''ലോക ജ്ഞാനം" എന്നു പറയുന്നത്. അല്ലാതെ, ദൈവം മനുഷ്യന് നൽകുന്ന ജ്ഞാനത്തെക്കുറിച്ചല്ല. ലോകജ്ഞാനവും ഉയരത്തിലെ ജ്ഞാനവും തമ്മിലുള്ള വ്യത്യാസം യാക്കോബും പഠിപ്പിക്കുന്നുണ്ട്. ''നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആര്? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ലനടപ്പിൽ തന്റെ പ്രവത്തികളെ കാണിക്കട്ടെ. എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷ്ക്കു പറകയുമരുത്. ഇതു ഉയരത്തിൽ നിന്നു വരുന്ന ജ്ഞാനമല്ല. ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ. ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്. ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു (യാക്കോ. 3:13 -17).

ജ്ഞാനത്തിന് അനേക ഗുണങ്ങൾ ബൈബിൾ പഠിപ്പിക്കുന്നുണ്ട്. അത് ദൈവീക കല്പനകൾ പ്രമാണിക്കുന്നു (സദൃ. 4:11). വഴി തിരിച്ചറിയുന്നു (14:8) സൂഷ്മ ബുദ്ധിയും, പരിജ്ഞാനവും, വകതിരിവും നൽകുന്നു (8:12). ദൈനം ദിന ജീവിത്തിലുള്ള ദൈവഹിതം പ്രബോധിപ്പിക്കുന്നു. ഏതു വഴിയാണ് തിരഞ്ഞെടുക്കേണ്ടതെന്നു മനസ്സിലാക്കിതരുന്നു. ദൈവത്തോടുള്ള ഭക്തിയിലാണ് ജ്ഞാനം ആരംഭിക്കുന്നത് ( സദൃ. 1:7, 9:10). ജ്ഞാനത്തിന് അനേക പ്രത്യേകതകൾ ഉണ്ട് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ജ്ഞാന സാഹിത്യ ഗ്രന്ഥങ്ങൾ വായിച്ച് ധ്യാനിക്കുക. പ്രാർത്ഥിക്കുക. ജ്ഞാനത്തെ സ്നേഹിക്കുക. അവളെ സഹോദരിയായും, കൂട്ടുകാരിയായും സ്വീകരിക്കുക (സദൃ. 7:4).

### ജ്ഞാനം ഭാരതീയ തത്വങ്ങളിൽ

ഭാരത സംസ്ക്കാരത്തിന്റെ പ്രമാണ ഗ്രന്ഥങ്ങളായ വേദങ്ങളെ കർമ്മകാണ്ഡം. ഉപാസനാകാണ്ഡം, ജ്ഞാന കാണ്ഡം എന്നു മൂന്നുഭാഗങ്ങളായി വിഷയവിഭാഗം ചെയ്തിട്ടുണ്ട്. മോക്ഷ പ്രാപ്തിക്കായുള്ള മനുഷ്യന്റെ അന്വേഷണത്തിൽ വേദാനുഷ്ടാന കർമ്മങ്ങളും, ഉപാസനയും പ്രയോജന രഹിതമായപ്പോഴാണ് ജ്ഞാനം അന്വേഷിക്കാൻ തുടങ്ങിയത്. ദുഃഖഹേതുവായ അജ്ഞാനത്തിന് പരിഹാരം തേടിക്കൊണ്ട് മുമുക്ഷുക്കളായ സാധകന്മാർ വനാന്തരങ്ങളിൽ തപസ്സനുഷ്ഠിച്ചുവത്രേ. തത്ഫലമായി കണ്ടെത്തിയ വിശിഷ്ട തത്വങ്ങളാണ് ജ്ഞാനകാണ്ഡം. ആ ജ്ഞാനമാണ് ഉപനിഷത്തുകളുടെ വിഷയം. ഇതാണ് വേദാന്ത ഉപദേശങ്ങൾ എന്നു പറയുന്നത്.

അതുകൊണ്ടാണ് ഗീതയുടെ നാലാമധ്യായമായ ജ്ഞാന കർമ്മസന്യാസയോഗയിൽ ദൈവീക ജ്ഞാനത്താൽ മോക്ഷപ്രാപ്തിയിലെത്താൻ കഴിയുമെന്നു പറയുന്നത് (4:35)

അപി ചേദസി പാപേഭ്യ: സർവേഭ്യ: പധകൃത്തമ:
സർവ്വം ജ്ഞാനപ്ലവേനൈവ വൃജിനം സംതരിഷ്യസി

പാപികളിലെല്ലാം വച്ച് നീ ഏറ്റവും വലിയ പാപിയാണെന്നു വന്നാൽ പോലും ഈ ജ്ഞാനമാകുന്ന കപ്പലേറി പാപമാകുന്ന കടലെല്ലാം കടക്കുവാൻ നിനക്കു സാധിക്കും, നിശ്ചയം. (4:36)

ന ഹി ജ്ഞാനേന സദൃശം പവിത്രഹവിദ്യതേ
തത് സ്വയം യോഗ സംസിദ്ധ: കാലേനാത്മനി വിജതി

ജ്ഞാനത്തിന് തുല്യമായി ആത്മാവിലെ മാലിന്യത്തെ നീക്കുവാൻ വേദത്തിലും, ലോകത്തിലും മറ്റൊരു മാർഗ്ഗവുമില്ല. (4:37,38) ജ്ഞാനം നേടാനും സംശയമെല്ലാം ഉപേക്ഷിക്കാനും പഠിപ്പിക്കുന്നു. (4:42) അഞ്ചാം അധ്യായം ജ്ഞാനയോഗം ആണ്. അതിൽ ദൈവീകജ്ഞാനത്തെപ്പറയുന്നത് നോക്കുക.

ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മന:
തേഷാ മാദിത്യവത് ജ്ഞാനം പ്രകാശയതി തത്പരം

ആത്മതത്വത്തിന്റെ ജ്ഞാനം കൊണ്ട് മനുഷ്യരുടെ അജ്ഞാനങ്ങൾ നശിപ്പിക്കപ്പെടണം. അവരുടെ ജ്ഞാനം "ആദിത്യവത്" സൂര്യനെപ്പോലെയാകും. അവർ "പരംതത് പ്രകാശയതി" പരമമായ ആത്മതത്വത്തെ പ്രകാശിപ്പിക്കുന്നു. (5:16). അദ്വൈതമതം പ്രചരിപ്പിച്ച ശങ്കരാചാര്യർ (എ.ഡി 788-820) ജ്ഞാനമാർഗ്ഗത്തിനാണ് മുൻതൂക്കം നൽകിയത്. അദ്ദേഹം പറഞ്ഞത് ആത്മജ്ഞാനത്തെക്കുറിച്ചായിരുന്നു. അദ്ദേഹത്തിന് 400 വർഷങ്ങൾക്കു ശേഷം വന്ന രാമാനുജാചാര്യർ, ഇതിൽ വ്യത്യസ്തമായി ഭക്തിമാർഗ്ഗം പ്രചരിപ്പിക്കുകയും ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തെ എതിർക്കുകയും ചെയ്തു. എന്നാൽ ഭക്തമഹാകവിയായിരുന്ന പൂന്താനം തന്റെ കവിതക്ക് പേരിട്ടിരിക്കുന്നത് 'ജ്ഞാനപ്പാന' എന്നാണ്. ആത്മജ്ഞാനം നേടിയാലേ ഭക്തിയുണ്ടാകു എന്നായിരിക്കണം ഇതിലൂടെ വിവക്ഷിക്കുന്നത്. എന്തായാലും വേദങ്ങളുടെ കാലം തുടങ്ങി ഉപനിഷത്തിന്റേയും, ഗീതയുടെയും കാലത്തൂടെ സഞ്ചരിച്ച് ശങ്കരാചാര്യകാലം വരേയും ഭാരതത്തിൽ ആത്മജ്ഞാനത്തിന് വലിയ സ്ഥാനം നൽകപ്പെടുന്നതായി കാണുന്നു.

### ജ്ഞാനവും കർമ്മവും

ആത്മജ്ഞാനം ലഭിച്ചവൻ ദൈവത്തെ അറിയുന്നു. ക്രിസ്തു പറഞ്ഞ ഉപമയിലേക്ക് വരാം. മുടിയനായ പുത്രൻ എന്നു വിളിക്കുന്ന ഇളയമകൻ മടങ്ങിവരുന്നതിന് മുമ്പ് അവനുണ്ടായ ബോധ്യം ഇതാണ്. "എന്റെ അപ്പന്റെ വീട്ടിൽ" - അപ്പനെക്കുറിച്ചുള്ള അറിവ്. (ലൂ-15:17). സൃഷ്ടിതാവായ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം അഥവാ ബോധം. പിന്നെ തന്നെക്കുറിച്ച് "ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു." സ്വയം അറിയുന്നു. ഞാൻ ആരാണെന്ന് അറിയുക. പൗലൊസിന് ജ്ഞാനമുണ്ടായപ്പോൾ അതാണുണ്ടായത്. "അയ്യോ ഞാൻ അരിഷ്ടൻ" (റോ-7:24) പഴയനിയമപ്രവാചകനായ

*(ശേഷം 8-ാം പേജിൽ)*

**ബൈബിൾ പഠനക്വിസ് – 81**



# മായയും സത്യവും സഭാപ്രസംഗിയുടെ സന്ദേശം

*ഡോ. റ്റി.സി. കിഷോർ മോഹൻ*

ഒരു വ്യക്തി സ്വന്തം ജീവിതാനുഭവങ്ങളിലൂടെ സ്വായത്തമാക്കുന്ന ജ്ഞാനം ഫലശൂന്യമാണെന്നും, ദൈവത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള ജീവിതം വ്യർത്ഥമാണെന്നും വരും തലമുറയ്ക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ ദാവീദ് രാജാവിന്റെ പുത്രനും ജ്ഞാനികളിൽ ജ്ഞാനിയുമായ ശലോമോൻ രചിച്ച ഗ്രന്ഥമാണ് സഭാപ്രസംഗി. ശലോമോൻ തന്റെ ജീവിതത്തിന്റെ അന്ത്യഘട്ടത്തോടടുപ്പിച്ചായിരിക്കണം ഈ പുസ്തകം രചിച്ചത്. തന്റെ പൂർവ്വകാല ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന പല പരാമർശങ്ങളും ഈ ഗ്രന്ഥത്തിൽ പലയിടത്തും ദർശിക്കാനാവും.

ഈ പ്രപഞ്ചത്തിൽ കാണുന്ന സകലതും മായ എന്നതാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം. ദൈവത്തെ ഒഴിവാക്കിക്കൊണ്ട് സ്വന്തം പ്രയാണത്താൽ ജീവിതവിജയം നേടാനുള്ള മനുഷ്യന്റെ പരിശ്രമത്തിന്റെ അർത്ഥശൂന്യതയെ ആണ് മായ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. സഭാപ്രസംഗി എന്ന അപരനാമധേയത്താൽ അറിയപ്പെട്ടിരുന്ന ശലോമോൻ യിസ്രായേലിന്റെ ചരിത്രത്തിലെ പ്രഗത്ഭനായ ഒരു ഭരണാധികാരിയും ലോകം കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും ജ്ഞാനിയുമായിരുന്നു. പ്രപഞ്ചത്തിൽ സൂര്യനു കീഴിലുള്ള എന്തിനെക്കുറിച്ചും അദ്ദേഹം സംസാരിക്കുമായിരുന്നു. ഇത്തരത്തിൽ മാനുഷിക വീക്ഷണത്തിലൂടെ ആർജ്ജിക്കുന്ന ജ്ഞാനത്തിന്റെ കപടമുഖം തന്റെ ജീവിതാന്ത്യത്തിൽ അദ്ദേഹം കണ്ടെത്തുന്നു. മനുഷ്യഹൃദയത്തിൽ ദൈവം വിന്യസിച്ചിട്ടുള്ള ഒരു ശൂന്യസ്ഥലമുണ്ട്. മനുഷ്യൻ ആർജിക്കുന്ന അധികാരം, സമ്പത്ത്, ജനസ്വാധീനം, പ്രശസ്തി എന്നിവയ്ക്കൊന്നിനും ആ ശൂന്യതയെ നിറയ്ക്കുവാൻ സാധിക്കുന്നില്ല. 'മനുഷ്യനാൽ അസാധ്യം എന്നാൽ ദൈവത്താൽ എല്ലാം സാധ്യം' ദൈവം കൂടെയുണ്ടെങ്കിൽ മനുഷ്യജീവിതത്തിന് ലക്ഷ്യവും അർത്ഥവും കൈവരുന്നു. അപ്പോൾ അവന്, തിന്നു കുടിച്ച്, ദൈവഭയത്തോടെ മതിയാവോളം ജീവിതം ആസ്വദിക്കാൻ സാധിക്കുന്നു. നമ്മുടെ ആയുസ്സിൽ ലഭിക്കുന്ന ഓരോദിവസവും ദൈവത്തിന്റെ ദാനമാണെന്നു നാം വിശ്വസിക്കുമെങ്കിൽ സൂര്യോദയത്തിൽ അലിഞ്ഞുതീരുന്ന മഞ്ഞുപോലെ നമ്മുടെ ദു:ഖങ്ങളും, വേദനകളും നിരാശകളും നീങ്ങിപ്പോകുന്നു.

എബ്രായ ഭാഷയിൽ 'കൊഹേലേത്ത്' എന്ന ശീർഷകമാണ് ഈ ഗ്രന്ഥത്തിനു നൽകിയിരിക്കുന്നത്. സഭയിൽ പ്രസംഗിക്കുന്നവൻ എന്നാണ് ഈ വാക്കിനർത്ഥം. 'എക്ലീസിയാസ്റ്റെസ്' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥവും ഇതുതന്നെ. മലയാളത്തിൽ തർജ്ജമ ചെയ്യപ്പെട്ടപ്പോൾ 'സഭാപ്രസംഗി' എന്നായി. അദ്ധ്യായം 1:1 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഈ ഗ്രന്ഥത്തിന്റെ കർത്താവ് ശലോമോൻ ആണെന്നതിൽ ആർക്കും എതിരഭിപ്രായമില്ല. ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള പഴഞ്ചൊല്ലുകൾക്ക് സദൃശവാക്യങ്ങളിലുള്ളതിനോട് സാമ്യമുള്ളതുകൊണ്ടും, സദൃശവാക്യങ്ങളെക്കുറിച്ചുള്ള ഒരു പരാമർശം 12:9–ൽ കാണുന്നതുകൊണ്ടും, ഈ രണ്ടു കൃതികളുടെയും കർത്താവ് ഒരാൾ തന്നെയാണെന്നു മനസ്സിലാക്കാം.

തന്റെ ജീവിതത്തിന്റെ ഒടുവിലത്തെ നാളുകളിൽ ഏകദേശം ബി.സി. 935–ൽ ഈ ഗ്രന്ഥം രചിച്ചിരിക്കുവാനാണ് സാധ്യത. യഹൂദപാരമ്പര്യമനുസരിച്ച് ശലോമോൻ തന്റെ യൗവ്വനകാലത്ത് ഉത്തമഗീതവും, മദ്ധ്യകാലത്ത് സദൃശവാക്യങ്ങളും, അന്ത്യകാലത്ത് സഭാപ്രസംഗിയും എഴുതി എന്നു വിശ്വസിച്ചുപോരുന്നു. ദൈവഭയം വിട്ടൊഴിഞ്ഞ്, ഭൗതീകതയിൽ മുഴുകി വിഗ്രഹാരാധനയിലൂടെ തന്റെ ജീവിതത്തിന്റെ നല്ലൊരു ഭാഗം പാഴാക്കിക്കളഞ്ഞതു മൂലം ഉളവായ നൈരാശ്യത്തിന്റെ പ്രതിഫലനം ഒരാത്മകഥാരൂപത്തിൽ അദ്ദേഹം ഈ ഗ്രന്ഥത്തിൽ വിവരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

ദൈവവുമായി ഒരു ബന്ധവുമില്ലാതെ സ്വന്ത ഇഷ്ടപ്രകാരം നയിക്കപ്പെടുന്ന ഒരു ജീവിതത്തിന്റെ അർത്ഥശൂന്യതയും തൽഫലമായി ഉളവാകുന്ന നിരാശാബോധവും വളരെ സമർത്ഥമായി ഈ ഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ഓരോ മനുഷ്യന്റെയും ഹൃദയത്തിന്റെ ഉള്ളിന്റെ ഉള്ളിൽ ദൈവം നിത്യതയെ നിക്ഷേപിച്ചിരിക്കുന്നു. (3:11). ആയതിനാൽ അന്തിമമായി ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രമേ മനുഷ്യ ജീവിതത്തിന് സംതൃപ്തിയും, സന്തുഷ്ടിയും, ജ്ഞാനവും നൽകുവാൻ സാധിക്കുകയുള്ളു. മനുഷ്യന് ആത്യന്തികമായി നന്മ ലഭിക്കുന്നത് ആ ഏക ഇടയനിൽ നിന്നും മാത്രമാണ് (12:11). സമൃദ്ധമായ ജീവൻ നൽകാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളു. എല്ലാറ്റിന്റെയും സാരം കേൾക്കുക: "ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചു കൊള്ളുക. അതാകുന്നു സകലമനുഷ്യർക്കും വേണ്ടുന്നത്" (12:13). ദൈവത്തെ ഭയപ്പെടുന്നതിലൂടെ മാത്രമേ ഉൽകൃഷ്ടമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തെ മറന്നുകൊണ്ടുള്ള ജീവിതം നിരാശയിലും കടുത്തപരാജയത്തിലും കലാശിക്കുന്നു. 'സൂര്യനു കീഴെ' നോക്കുന്നതിനു പകരം 'സൂര്യനുമപ്പുറം', ഉന്നതങ്ങളിലേക്ക് ദൃഷ്ടി പതിപ്പിക്കുമ്പോൾ സ്നേഹനിധിയായ ഒരു നല്ലിടയനെ ദർശിക്കാനാവും. അവിടുത്തെ സന്നിധിയിൽ നന്മയുടെയും സന്തോഷത്തിന്റെയും പരിപൂർണ്ണതയുണ്ട്.

സഭാപ്രസംഗി പുസ്തകത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ അദ്ധ്യായത്തിലെ ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിക്കുക; താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. സഭാപ്രസംഗിയുടെ പിതാവാര്?
2. സഭാപ്രസംഗി ഏതു ദേശത്തിന്റെ രാജാവായിരുന്നു?
3. സകലനദികളും ഒഴുകിച്ചെല്ലുന്നത് എവിടേയ്ക്ക്?
4. അറിവു വർദ്ധിപ്പിക്കുന്നവൻ ഒപ്പം വർദ്ധിപ്പിക്കുന്നതെന്ത്?
5. ഒരുവനെക്കാൾ നല്ലത് എത്രപേർ?
6. മൂഢന്മാർ ദോഷം ചെയ്യുന്നതിന്റെ കാരണമെന്ത്?
7. കഷ്ടപ്പാടിന്റെ ആധിക്യംമൂലം ജനിയ്ക്കുന്നതെന്ത്?
8. എങ്ങനെയുള്ള രാജാവാണ് ദേശത്തിന് ഉപകാരി?
9. സുഗന്ധ തൈലത്തെക്കാൾ ഉത്തമമായത്?
10. അഭിലാഷത്തിന്റെ സഞ്ചാരത്തെക്കാൾ നല്ലത് എന്ത്?
11. ജ്ഞാനിയെ പൊട്ടനാക്കുന്നതെന്ത്?
12. ബലമുള്ള കല്പന ഏത്?
13. ചത്ത സിംഹത്തെക്കാൾ നല്ല ജീവനുള്ള മൃഗം?
14. തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നത്?
15. ബലത്തെക്കാൾ നല്ലത് എന്ത്?
16. ആരെയാണ് പാമ്പു കടിക്കുന്നത്?
17. എന്തുകൊണ്ടാണ് മേൽപ്പുര വീണുപോകുന്നത്?
18. ജീവനെ ആനന്ദിപ്പിക്കുന്നതെന്ത്?
19. മേഘം വെള്ളം കൊണ്ടു നിറഞ്ഞിരുന്നാൽ എന്തു സംഭവിക്കും?
20. യൗവ്വനകാലത്ത് ആരെ ഓർത്തുകൊള്ളണമെന്നാണ് സഭാപ്രസംഗി പറയുന്നത്?

## ഉത്തരങ്ങൾ

1. യഹോവ ഭക്തി (1 : 7)
2. ജ്ഞാനികൾ (3 : 35)
3. പരസ്ത്രീയുടെ (5 : 3)
4. ദൈവവചനം (6 : 22)
5. ദൈവകല്പന (7 : 2)
6. ജ്ഞാനം (8 : 11)
7. നീതിമാന്റെ (10 : 6)
8. കള്ളത്തുലാസ് (11 : 1)
9. നീതിമാൻ (11 : 22)
10. പരിഹാസി (13 : 1)
11. ഗുണവാൻ (13 : 22)
12. നീതിമാന് (14 : 32)
13. പാപം (14 : 21)
14. പരിഹാസി (15 : 12)
15. ഗർവം (16 : 18)
16. നാശം (18 : 24)
17. രാജാവിന്റെ ഹൃദയം (21 : 1)
18. ഭോജന പ്രിയന്റെ (23 : 2)
19. ഉരുപ്പടി (25 : 4)
20. തേൻകട്ട (27 : 7)
21. പരിഹാസികൾ (29 : 8)
22. യാക്കേ (30 : 1)
23. അമ്മയെ അനുസരിക്കാത്തവരുടെ (30 : 17)
24. കുഴിമുയൽ (30 : 26)
25. ലെമുവേൽ (31 : 1)

## ശരിയുത്തരം അയച്ചവർ

സജിതാ സ്റ്റാൻലി. കെ
മലമ്പുഴ, പാലക്കാട്

ബിജില ബി.എൽ
കിള്ളി, തിരുവനന്തപുരം

സൂസമ്മ ഫിലിപ്പ്
ശ്രീകാര്യം, തിരുവനന്തപുരം

ചിന്നമ്മ ചെറിയാൻ
തത്തമംഗലം, പാലക്കാട്

ജിത. ജെ
കിള്ളി, തിരുവനന്തപുരം

സ്മിത്ത്‌രാജ്
ആര്യനാട്, തിരുവനന്തപുരം

എൻ. ഭായിജോർജ്ജ്
ശ്രീകാര്യം തിരുവനന്തപുരം

ഗ്രേസ് സുമംഗല പി.
വൈ.എം.സി.എ റോഡ്
കോഴിക്കോട്

## ടൈഫോയിഡ് മാറി സൗഖ്യം പ്രാപിച്ചു



പ്രകാശ് ബാബു ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലെ ഗുൺറാത്തിമഡുഗു കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. നാരായണപുരം ഗ്രാമത്തിലെ വെങ്കമ്മ എന്ന ഒരു സ്ത്രീ ടൈഫോയിഡ് ബാധിച്ച് പ്രാർത്ഥനക്കായി വന്നു. ആശുപത്രി സൗകര്യങ്ങളൊന്നുമില്ലാത്ത ഈ ഗ്രാമത്തിൽ അവർ വളരെ ഭാരപ്പെട്ടിരുന്നു. എന്നാൽ സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കുകയും ഇവർക്ക് സൗഖ്യം ലഭിക്കുകയും ചെയ്തു.

# മദർ ലാന്റ് മിഷൻ ടൂർ

## വടക്കേന്ത്യയിലെ ജി.എം.ഐ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുവാൻ അവസരം

**ജി.എം.ഐയുടെ അഭ്യുദയ കാംക്ഷികളും പ്രാർത്ഥന സഹകാരികളും ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ ജി.എം.ഐയുടെ മിഷൻ സ്റ്റേഷനുകളും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നു. 2011 സെപ്റ്റംബർ 17 മുതൽ 25 വരെയാണ് പ്രസ്തുത പ്രോഗ്രാം.**

### ആന്ധ്രാപ്രദേശ്

ആന്ധ്രാപ്രദേശിലെ വാറംഗൽ, വികരബാദ്, നെല്ലൂർ എന്നീ ജില്ലകളിലായി ജി.എം.ഐയുടെ കീഴിൽ 22 മിഷണറിമാർ പ്രവർത്തിച്ചുവരുന്നു. 57 ഗ്രാമങ്ങളിലാണ് ജി.എം.ഐ മിഷണറിമാർ പ്രവർത്തിക്കുന്നത്. വാറംഗൽ ജില്ലയിലെ തെഗുലഗുഡ്ഡം ഗ്രാമത്തിൽ ആശ്രമം സ്ഥാപിക്കുന്നതിനായി ജി.എം.ഐ വാങ്ങിയ സ്ഥലവും അവിടെയുള്ള മിഷൻ സ്റ്റേഷനും, നിസാംപള്ളി, പാലകുർത്തി, ഗുണ്‌റാത്തി മഡുഗു, ചിന്നഗുഡൂർ, രംഗറെഡ്ഡി തുടങ്ങിയ ജി.എം.ഐ മിഷൻ സ്റ്റേഷനുകളും സന്ദർശിക്കുന്നതിനോടൊപ്പം കക്കാട്ടിയകോട്ട, 1000 തൂണുകളുള്ള തീർത്ഥാടനകേന്ദ്രം, തൂക്കുപാലം എന്നീ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതാണ്.

### കക്കാട്ടിയകോട്ട

വാറംഗൽ സിറ്റിയുടെ തെക്കുകിഴക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ കോട്ട 13-ാം നൂറ്റാണ്ടിൽ കക്കാട്ടിയ രാജാക്കന്മാർ സ്ഥാപിച്ചതാണ്.

### 1000 തൂണുകളുള്ള തീർത്ഥാടനകേന്ദ്രം

ഹൈദരാബാദിൽ നിന്നും 150 കിലോമീറ്റർ അകലെ യായി സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം 1163 എ.ഡിയിൽ രുദ്രദേവരാജാവാണ് സ്ഥാപിച്ചത്. ആയിരം തൂണുകളുള്ള ലോകത്തിലെ ഏക കെട്ടിടമാണിതെന്ന് അനുമാനിക്കപ്പെടുന്നു. ഇത് ഒറ്റപ്പാറയിൽ നിന്ന് നിർമ്മിച്ചതിനാൽ 'ഒരുകല്ല്' ക്ഷേത്രം എന്നും അറിയപ്പെടുന്നു.

### മദ്ധ്യപ്രദേശ്

മദ്ധ്യപ്രദേശിലെ സിവനി ജില്ലയിൽ ജി.എം.ഐയുടെ 14 മിഷണറിമാർ പ്രവർത്തിക്കുന്നു. 1995-ൽ ജി.എം.ഐ ഇവിടെ പ്രവർത്തനം ആരംഭിച്ചു. മദ്ധ്യപ്രദേശിലെ സിവനി ജില്ലയിലെ ഒരു താലൂക്കാണ് ഛപ്പാറ. ഇവിടെ ജി.എം.ഐ ആശ്രമം പണിയുന്നതിനായുള്ള സ്ഥലം സ്വന്തമായി വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിലെ ഏറ്റവും പിന്നോക്ക സമുദായക്കാരാണ് ഇവിടുത്തെ ജനങ്ങൾ. ഇവിടെ കൂടുതലും ഗോണ്ട്, ഭിൽ എന്നീ ഗോത്രവർഗ്ഗക്കാരാണ് പാർക്കുന്നത്. സിവനി ജില്ലയിലെ 28 ഗ്രാമങ്ങളിലെ ജി.എം.ഐ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുന്നതു കൂടാതെ റിഫോർമ്ഡ് പ്രസ്ബിറ്റീരിയൻ സഭയുടെ കീഴിലുള്ള ചരിത്രപ്രധാനമായ 1850-ൽ സ്കോട്ടിഷ് മിഷണറിമാർ സ്ഥാപിച്ച മിഷൻ സ്റ്റേഷനും സന്ദർശിക്കുന്നതാണ്. ജി.എം.ഐ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുമ്പോൾ അവിടെ ക്രിസ്തുവിശ്വാസത്തിലേക്ക് വന്നവരുടെ അനുഭവങ്ങൾ കേൾക്കാനും അവരോട് ഒരുമിച്ച് കൂട്ടായ്മയിൽ പങ്കെടുക്കുവാനുമുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

### മഹാരാഷ്ട്ര

ജി.എം.ഐയുടെ അനുഗ്രഹ സേവാ ആശ്രമം ഇന്ത്യയുടെ മദ്ധ്യഭാഗപട്ടണമായ മഹാരാഷ്ട്രയിലെ നാഗ്പൂരിൽ സ്ഥിതി ചെയ്യുന്നു. നാഗ്പൂർ - കാറ്റോൾ ഹൈവേയിലാണ് ജി.എം.ഐയുടെ മിഷൻ സ്റ്റേഷൻ. ജി.എം.ഐയുടെ മൊബൈൽ ടെന്റ് മിനിസ്ട്രി ഇവിടെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. അനുഗ്രഹസേവ ആശ്രമം സന്ദർശിക്കുന്നതിനോടൊപ്പം നാഗ്പൂരിലെ വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളായ സീറോ മൈൽ സ്റ്റോൺ, സെമിനാരി ഹിൽസ്, ആൾ സെയിന്റ്സ് കത്തീഡ്രൽ, ഓറഞ്ച് തോട്ടങ്ങൾ, 1840 ചർച്ച്, N C C I യുടെ കാമ്പസ്, ദീക്ഷ ഭൂമി എന്നിവയും സന്ദർശിക്കുന്നതാണ്.

### ആൾ സെയിന്റ്സ് കത്തീഡ്രൽ

1851-ൽ സ്ഥാപിക്കപ്പെട്ട ഉത്തരേന്ത്യൻ സഭയുടെ ഈ കത്തീഡ്രൽ സദർ ഏരിയയിൽ ആണ് സ്ഥിതി ചെയ്യുന്നത്.

### ദീക്ഷ ഭൂമി

ദളിത്ബുദ്ധമതപ്രസ്ഥാനത്തിന്റെ നാഗ്പൂരിലെ വളരെ പ്രധാനപ്പെട്ട സ്ഥലമാണ് ദീക്ഷഭൂമി. ഇന്ത്യയിലെ ഏറ്റവും വലിയ പൊള്ളയായ സ്തൂപമാണിത്. ഡോ. അബേദ്കറിന്റെ നേതൃത്വത്തിൽ മൂന്ന് ലക്ഷത്തോളം ദളിതരായ ഹൈന്ദവർ ബുദ്ധമതം സ്വീകരിച്ച ചരിത്രപ്രധാനമായ ഒരു സ്ഥലമായി ഇതിനെ കണക്കാക്കപ്പെടുന്നു. അതുകൊണ്ട് എല്ലാ ഏപ്രിൽ 14-ാം തീയതികളിലും അദ്ദേഹത്തിന്റെ ജന്മദിനം ഇവിടെവച്ചാണ് ആഘോഷിക്കുന്നത്.

### സെമിനാരി മല

നാഗ്പൂരിലെ സെമിനാരി മല സെന്റ് ചാൾസ് സെമിനാരിയുടെ ഒരു കേന്ദ്രമാണ്. അനേകം പേർ ദിവസവും ഈ സ്ഥലം സന്ദർശിച്ചു വരുന്നു.

### N C C I കാമ്പസ്

ഇന്ത്യയിലെ പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളുടെ ഐക്യസംഘടനയാണ് N C C I. ഭാരതത്തിലെ പതിമൂന്ന് ദശലക്ഷം ക്രൈസ്തവരെ പ്രതിനിധീകരിക്കുന്ന അതിബൃഹത്തായ നേതൃത്വപ്രസ്ഥാനമാണ് നാഷണൽ കൗൺസിൽ ഫോർ ചർച്ചസ് ഇൻ ഇന്ത്യ.

### 1840 ചർച്ച്

1840-ൽ സ്ഥാപിക്കപ്പെട്ട ഒരു ആംഗ്ലിക്കൻ സഭയാണ് 1840 ചർച്ച് എന്നറിയപ്പെടുന്ന ഈ സ്ഥലം.

### സീറോമൈൽ സ്റ്റോൺ

ഇന്ത്യയുടെ കേന്ദ്രസ്ഥലമായ നാഗ്പൂരിൽ സീറോമൈൽ സ്റ്റോൺ വളരെ പ്രാധാന്യമർഹിക്കുന്നു. ഇവിടെ നിന്നാണ് ഇന്ത്യയിലുള്ള ഓരോ പട്ടണങ്ങളിലേയ്ക്കും ഉള്ള ദൂരം കണക്കാക്കപ്പെടുന്നത്.

### നാഗ്പൂരിലെ ഓറഞ്ചുതോട്ടങ്ങൾ

"ഓറഞ്ചിന്റെ പട്ടണം" എന്നാണ് നാഗ്പൂർ അറിയപ്പെടുന്നത്. ഈ മിഷൻ ടൂറിൽ ചില ഓറഞ്ചുതോട്ടങ്ങളും സന്ദർശിക്കുന്നതാണ്.

### ചെലവ്

യാത്രയിൽ പങ്കെടുക്കുന്നവർ 2500 രൂപയാണ് നൽകേണ്ടത്. ട്രെയിൻ ടിക്കറ്റുകൾ, മിഷൻ കേന്ദ്രങ്ങളിലെ യാത്രാചെലവ്, അവിടത്തെ ഭക്ഷണ ചെലവ് എന്നിവ ജി.എം.ഐ വഹിക്കുന്നതായിരിക്കും. ട്രെയിൻ യാത്രയിലെ ഭക്ഷണചെലവ് മാത്രം സ്വയം വഹിക്കേണ്ടതാണ്.

### പ്രത്യേക പ്രാർത്ഥന

ജി.എം.ഐ യുടെ മദർ ലാന്റ് മിഷൻ ടൂറിൽ പങ്കെടുക്കുന്നവർക്കായുള്ള പ്രത്യേക പ്രാർത്ഥന സെപ്റ്റംബർ 10-ാം തീയതി വൈകുന്നേരം നാലു മണിക്ക് കാട്ടാക്കട ക്രിസ്തുകൃപാശ്രമത്തിൽ വച്ച് നടത്തപ്പെടും. യാത്രക്കാവശ്യമായ നിർദ്ദേശങ്ങൾ അന്നേദിവസം നൽകുന്നതാണ്.

മദർലാന്റ് മിഷൻ ടൂർ 2011 സെപ്റ്റംബർ 17 ശനിയാഴ്ച രാവിലെ 10 മണിക്ക് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്നും ആരംഭിക്കും. സെപ്റ്റംബർ 25 ഞായറാഴ്ച രാവിലെ 11 മണിക്ക് തിരികെ എത്തിച്ചേരുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

**ഡോ. ഇ. സ്റ്റീഫൻ**
9447016969

**ബ്രദർ എൽ. ദേവപ്രസാദ്**
9447795680

### ഛത്തിസ്ഗഢിൽ ഗ്രെയ്സ് ക്ലബ്ബിലൂടെ അനുഗ്രഹം




ഛത്തിസ്ഗഢിലെ ജി.എം.ഐ മിഷണറി അശോകുംഭാറിന്റെ പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. അദ്ദേഹം അടുത്തയിടക്ക് വിദ്യാനഗർ എന്ന ചേരിപ്രദേശത്ത് ഒരു ഗ്രെയ്സ് ക്ലബ്ബ് (കുട്ടികൾക്കായുള്ള ബൈബിൾ ക്ലാസ്) ആരംഭിച്ചു. ആ പ്രദേശത്തുള്ള ശ്രീ.രാമു ജഗത് എന്ന ഒരാൾ ഒരു പ്രത്യേകതരം ത്വക്ക് രോഗം ബാധിച്ചു വളരെ ചികിത്സകൾ ചെയ്തിട്ടും സുഖപ്പെടാതെയിരിക്കുകയായിരുന്നു. പലരിൽ നിന്നും പണം കടം വാങ്ങി പൂജകളും, മന്ത്രവാദങ്ങളും ചെയ്തിട്ടും ഈ രോഗത്തിന് ശമനം വരാതെ വലിയ കടക്കെണിയിലായിരിക്കുമ്പോഴാണ് അവിടെ നടക്കുന്ന കൂട്ടായ്മയെക്കുറിച്ച് അറിയുന്നത്. താനും തന്റെ ഭാര്യ വിമലാജഗനും സ്ഥിരമായി കൂട്ടായ്മയിൽ വരാൻ തുടങ്ങി. കർത്താവിൽ വിശ്വസിക്കുകയും ആത്മരക്ഷ പ്രാപിക്കുകയും ചെയ്തു. തന്റെ രോഗം പൂർണ്ണമായി മാറിപ്പോയി. അങ്ങനെ ഈ ചേരിപ്രദേശത്തുകൂടെ സുവിശേഷത്തിനായി ഒരു വാതിൽ തുറന്നുകിട്ടി. ദൈവത്തിന് സ്തോത്രം ചെയ്യാം.

# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

*"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരാളിനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു" എന്നരുളിയ ക്രിസ്തുവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി പ്രവർത്തിക്കുന്നു. ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ചവർ, സ്വന്തം പിതാവിനാൽ പീഢിപ്പിക്കപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്രം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതോ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ആവശ്യമുള്ള ഭക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്. ഇപ്രകാരം നാന്നൂറിലധികം കുടുംബങ്ങൾ ഇപ്പോൾ സന്ധാരണം ചെയ്യപ്പെടുന്നു.*

തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ പഞ്ചായത്തിൽ ചാമവിള താമസിക്കുന്നവരാണ് ശ്രീ. സത്യനേശനും (78) ഭാര്യ ശ്രീമതി നേശമ്മ (69) യും. ഇരുവരും വൃദ്ധരും വാർദ്ധക്യസഹജമായ പലരോഗങ്ങളാലും കഷ്ടപ്പെടുന്ന വരുമാണ്. സത്യനേശൻ 12 വർഷമായി വാതരോഗത്താൽ കഷ്ടപ്പെടുന്നു. ജോലി ചെയ്ത് ജീവിക്കുവാനുള്ള ആരോഗ്യം രണ്ടുപേർക്കുമില്ല. രണ്ട് ആൺമക്കൾ കുടുംബമായി ദൂരെ മാറി താമസിക്കുന്നു. പ്രായമായ ഈ മാതാപിതാക്കളെ അവർ സഹായിക്കുന്നില്ല. നല്ലവരായ ചില നാട്ടുകാരുടെ ചെറിയ സഹായം കൊണ്ടായിരുന്നു ഇവർ ജീവിച്ചിരുന്നത്. മറ്റ് യാതൊരു വരുമാനവുമില്ലാതെ കഷ്ടപ്പെട്ടിരുന്ന വൃദ്ധരായ ഈ മാതാപിതാക്കളെ കഴിഞ്ഞ രണ്ട് വർഷമായി സന്തുഷ്ടകുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തു വരുന്നു. ഇവർക്ക് മാസം തോറും ജീവിക്കുവാനാവശ്യമായ ഭക്ഷണസാധനങ്ങൾ മാസം തോറും അവരുടെ ഭവനങ്ങളിൽ ജി.എം.ഐയിലൂടെ എത്തിച്ചു വരുന്നു. അരക്ഷിതയിലും നിരാശയിലും കഴിഞ്ഞിരുന്ന ഇവരുടെ മുഖത്ത് പ്രത്യാശയുടെ ഒരു പുഞ്ചിരി വിടരുവാൻ സന്തുഷ്ടകുടുംബ പദ്ധതി ഒരു മുഖാന്തരമായി തീർന്നു. •



*ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന കുടുംബം:*
*ശ്രീ. സത്യനേശനും, ഭാര്യ ശ്രീമതി. നേശമ്മയും*

**പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും കാഠിന്യതയിൽ യാതൊരു വരുമാനവും സഹായങ്ങളുമില്ലാതെ ജീവിച്ചിരുന്ന ഇവരെ സന്തുഷ്ട കുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തു കൊണ്ടിരിക്കുന്നത് ശ്രീ.എം.എം. ജോൺ ആണ്.**

**ക്ഷമാപണം**

**കഴിഞ്ഞലക്കം മാസികയിലൂടെ പരിചയപ്പെടുത്തിയ ശ്രീമതി ലീല, തുണ്ടുവിളാകം, ആറ്റൂർവീട്, മഞ്ചംകോട് എന്ന കുടുംബത്തെ സന്ധാരണം ചെയ്യുന്നത് ശ്രീ. ക്രിസ്തുദാസ്, തിരുമല, തിരുവനന്തപുരം ആണ്.**

## ഇതൊരു അത്ഭുതം തന്നെ



ലളിതാ-രാമുലു ദമ്പതികൾ അവരുടെ മൂന്നു വയസ്സുള്ള കുട്ടിക്ക് വയറിൽ കഠിനമായ രോഗം ബാധിച്ചതിനെ തുടർന്ന് ആശുപത്രിയിൽ എത്തി. പരിശോധനയിൽ വയറിൽ അനേകം മുഴകൾ കാണപ്പെട്ടു. കഴിഞ്ഞ രണ്ടു വർഷമായി പല ആശുപത്രികളിൽ ചികിത്സിക്കുകയും മരുന്നു കഴിക്കുകയും ചെയ്യുകയായിരുന്നു. ഈ ആശുപത്രിയിൽ വച്ചു രോഗം കഠിനമായി വർദ്ധിക്കുകയും മരണത്തോളം എത്തുകയും ചെയ്തു. അപ്പോഴാണ് ഇവരുടെ ഗ്രാമത്തിൽ ദൈവവേലയിലായിരുന്ന സുവിശേഷകൻ ടി. എബ്രഹാം ഈ വിവരം അറിഞ്ഞത്. അദ്ദേഹം ആശുപത്രി സന്ദർശിച്ചു കുട്ടിയുടെ മാതാപിതാക്കളോട് സുവിശേഷം പങ്കുവച്ചു കുട്ടിക്കായി പ്രാർത്ഥിച്ചു. ദൈവത്തിന്റെ കൃപയാൽ ആ പ്രാർത്ഥനാ സമയം മുതൽ കുട്ടി സൗഖ്യം പ്രാപിക്കുവാൻ തുടങ്ങി. മാതാപിതാക്കൾ പൂർണ്ണമായി ക്രിസ്തുവിൽ വിശ്വസിക്കുവാൻ ഈ സംഭവം ഇടയാക്കി. ക്രമേണ കുട്ടിയെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് ചെയ്തു. കുട്ടി എല്ലാ ഭക്ഷണവും കഴിക്കാൻ തുടങ്ങി. ക്രമേണ ആരോഗ്യവാനായി. മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സ്നാനമേറ്റു സഭയോടു ചേർന്നു. ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലെ റെഡ്ഡിയാല ഗ്രാമത്തിലാണ് ഈ കുടുംബം താമസിക്കുന്നത്. ഇതൊരു അത്ഭുതം തന്നെ.

## കുടുംബബന്ധത്തിന് പ്രാർത്ഥനയാൽ ഉറപ്പ്



വംഗരി ഗ്രീനു, സുജാത എന്നീ ദമ്പതികൾ തമ്മിൽ കുടുംബകലഹത്തിൽ ആയിരുന്നു. കുടുംബനാഥന്റെ മദ്യപാനമായിരുന്നു ആ കുടുംബത്തിലെ അസ്വാരസ്യങ്ങൾക്ക് പ്രധാന കാരണം. എന്നാൽ ഇവിടത്തെ സുവിശേഷകൻ സഹോ. സുരേഷ്പോളും കൂട്ടായ്മയിലെ വിശ്വാസികളും ആ ദമ്പതിമാർക്കു വേണ്ടി പ്രാർത്ഥിച്ചത് അവർക്ക് കുടുംബസമാധാനം കൈവരിക്കുവാൻ ഇടയാക്കി. അവർ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മയിൽ കടന്നുവരികയും ചെയ്യുന്നു. സഹോ. സുരേഷ്പോളിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം.

## നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾക്കായി ജി.എം.ഐ. പ്രാർത്ഥനാ ടീം പ്രാർത്ഥിക്കുന്നതാണ്.

ബന്ധപ്പെടുക :

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
www.graceindia.in

*4–ാംപേജിന്റെ തുടർച്ച.. (ജ്ഞാനം നൽകുന്ന ആത്മീയത)*

യെശയ്യാവിന് ജ്ഞാനമുണ്ടായപ്പോൾ ഇതാണു പറഞ്ഞത്. (യെശ. 6:5) "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ." ദൈവത്തെക്കുറിച്ചും അവരവരെക്കുറിച്ചും ജ്ഞാനമുണ്ടായ ആളിന് തുടർന്നും ചുറ്റുപാടും ഉള്ളവരെക്കുറിച്ചും ജ്ഞാനം ഉണ്ടാകണം. "ശുദ്ധിയില്ലാത്ത ജനങ്ങളുടെ ഇടയിൽ പാർക്കുന്നു." സമൂഹത്തിന്റെ അരിഷ്ടതകളും തിന്മകളും കാണാൻ കഴിയണം. ദൈവത്തെക്കുറിച്ചുള്ള ബോധ്യം എന്നു പറയുമ്പോൾ നിത്യതയെക്കുറിച്ച്, പാപത്തെക്കുറിച്ച്, നീതിയെക്കുറിച്ച്, ന്യായത്തെക്കുറിച്ചൊക്കെയുണ്ടാകേണ്ട ജ്ഞാനം (യോ–16:8–13). തിരുവെഴുത്തുകളെക്കുറിച്ച് അറിയേണ്ട ജ്ഞാനം (ലൂ–24:45). വിശ്വാസിക്ക് ദൈവം നൽകുന്ന ദൈവശക്തിയും, വിശ്വാസിയുടെമേലുള്ള ദൈവീകവിളിയുടെ പ്രത്യാശയും, അവർക്കുള്ള അവകാശത്തിന്റെ മഹിമാധനവും അറിയുവാനുള്ള ജ്ഞാനമാണുണ്ടാകേണ്ടത്. ഇതാണ് ഉൾക്കാഴ്ച–insight (എഫെ–1:17–19).

ഇങ്ങനെ ഹൃദയദൃഷ്ടി പ്രകാശിച്ച് ആത്മജ്ഞാനം ലഭിച്ച വ്യക്തി നേരത്തെപറഞ്ഞതുപോലെ സമൂഹത്തിലേക്കും നോക്കാൻ തുടങ്ങുന്നു. "ശുദ്ധിയില്ലാത്ത ജനങ്ങളുടെ ഇടയിൽ പാർക്കുന്നു." ജനത്തിന്റെ തകർച്ചയും അധാർമ്മികതയും, ദുരിതങ്ങളും, കുറവുകളും, രോഗവും, ചൂഷണവും മർദ്ദനവും, അതിക്രമവും ഇയാളെ അസ്വസ്ഥപ്പെടുത്തുന്നു. അയാൾ പിന്നെ വെറും ജ്ഞാനിയായിരിക്കുന്നില്ല. പിന്നെ കർമ്മത്തിലേക്ക് പ്രവേശിക്കുകയായി. അതാണ് ക്രിസ്തു ചെയ്തത്. ആത്മാഭിഷേകം പ്രാപിച്ച് കഴിഞ്ഞയുടൻ അവിടുന്ന് പ്രഖ്യാപിച്ചതാണ് "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." (ലൂ–4:18–19) കാരണം യേശു മനുഷ്യരെ അറിഞ്ഞിരുന്നു. (യോ – 2:25). അവരുടെ ആവശ്യങ്ങളെ അറിഞ്ഞു. വേദനകളെ അറിഞ്ഞു. അതുകൊണ്ട് അവിടുന്ന് വിശ്രമമില്ലാത്ത ഒരു കർമ്മയോഗിയായി മാറി. യേശുവിന്റെ വിശ്രമമില്ലാത്ത കർമ്മത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു:

*സൂര്യൻ അസ്തമിക്കുമ്പോൾ നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ ഓരോരുത്തരുടെയും മേൽ കൈവെച്ചു അവരെ സൌഖ്യമാക്കി. പലരിൽ നിന്നും ഭൂതങ്ങൾ; നീ ദൈവപുത്രനായ ക്രിസ്തു എന്നു നിലവിളിച്ചുപറഞ്ഞു കൊണ്ടു പുറപ്പെട്ടുപോയി; താൻ ക്രിസ്തു എന്നു അവ അറികകൊണ്ടു മിണ്ടുവാൻ അവൻ സമ്മതിക്കാതെ അവയെ ശാസിച്ചു. (ലൂ–4:40,41)*

*അവൻ അനേകരെ സൌഖ്യമാക്കുകയാൽ ബാധകൾ ഉള്ളവർ ഒക്കെയും അവനെ തൊടേണ്ടതിന്നു തിക്കിത്തിരക്കി വന്നു. അശുദ്ധാത്മാക്കളും അവനെ കാണുമ്പോൾ ഒക്കെയും അവന്റെ മുമ്പിൽ വീണു: നീ ദൈവപുത്രൻ എന്നു നിലവിളിച്ചു പറയും. (മർ–3:10,11)*

*വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ടു അവൻ അവരോടു: നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു. ഊരുകളിലോ പട്ടണങ്ങളിലോ കുടികളിലോ അവൻ ചെന്നെടത്തൊക്കെയും അവർ ചന്തകളിൽ രോഗികളെകൊണ്ടുവന്നു വെച്ചു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന്നു അപേക്ഷിക്കയും അവനെ തൊട്ടവർക്കു ഒക്കെയും സൌഖ്യം വരികയും ചെയ്തു. (മർ–6:31,56)*

ജ്ഞാനയോഗം കർമ്മയോഗത്തിന് വഴിമാറി. ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്ന പുരുഷാരത്തെക്കണ്ട് മനസ്സലിഞ്ഞതും, കരയുന്നവരോട് കൂടെ കരഞ്ഞതും, മനുഷ്യരുടെ പ്രാഥമിക ആവശ്യങ്ങളെ നിറവേറ്റികൊടുത്തതും അതുകൊണ്ടാണ്. തന്റെ കർമ്മപരിപാടിയിൽ വിമോചനത്തിന്റെ കാഹളശബ്ദം ഉയർന്നു. ഭൗതീകമായും, സാമൂഹികമായും ആത്മീകമായും ബന്ധനത്തിലിരുന്നവർ വിമോചിക്കപ്പെട്ടു. അത് ഇന്നും നടക്കണം. ദൈവീകജ്ഞാനം ലഭിച്ചവർ ക്രിസ്തുവിന്റെ പാതയെ പിന്തുടരണം. ഇന്നത്തെ ആൾ ദൈവങ്ങളെപ്പോലെ പേരിനും പ്രശസ്തിക്കുംവേണ്ടി ഏതെങ്കിലും ചാരിറ്റി ചെയ്ത് കോടീശ്വരന്മാരായി ജീവിക്കുന്ന "ബാവാ ആത്മീയത"യല്ല ഒരു ആത്മീയ കർമ്മയോഗി ചെയ്യേണ്ടത്. ആത്മജ്ഞാനത്തിൽ നിറഞ്ഞ ഒരു കർമ്മയോഗിയാകണം. ജ്ഞാനം ലഭിച്ചവന് മിണ്ടാതിരിക്കാൻ കഴിയില്ല. എന്നാൽ ജ്ഞാനമില്ലാത്ത കർമ്മം ചാപിള്ളപോലെയും കർമ്മമില്ലാത്ത ജ്ഞാനം മൂഢതയുമാണ്. അതുകൊണ്ടാണ് പൗലൊസ് പറയുന്നത് ഞാൻ മിണ്ടാതിരുന്നാൽ എനിക്ക് അയ്യോ കഷ്ടം (1 കൊ–9:16). അങ്ങനെ ദൈവത്തിന്റെ ജ്ഞാനം നമ്മെ ദൈവേഷ്ടം ചെയ്യുന്ന ഒരു ദൈവദാസനായി, ദാസിയായി മാറ്റുന്നു. ആത്മജ്ഞാനത്താൽ സത്യദൈവത്തെക്കുറിച്ച് ബോധം ലഭിക്കുന്നു. പിന്നെ അവരവരെക്കുറിച്ച് ബോധം ലഭിക്കുന്നു. മറ്റുള്ളവരുടെ അവസ്ഥയും ബോധ്യപ്പെടുന്നു. ഇപ്രകാരം സത്യം അറിയുന്ന അവസ്ഥയിൽ ആത്മസാക്ഷാത്ക്കാരം നേടി യേശുവിലൂടെയുള്ള നിത്യജീവൻ പ്രാപിച്ച് അവൻ ദൈവത്തിന്റെ ഹിതപ്രകാരം പ്രവർത്തിക്കുന്നവനായി മാറുന്നു. ഒടുവിൽ ആത്മാവ് ഈ ശരീരം വിട്ടു പോകുമ്പോൾ "വിശ്വസ്ത ദാസനെ, ദാസിയേ പിതാവിനാൽ ഒരുക്കപ്പെട്ടിരിക്കുന്ന നിത്യരാജ്യത്തിൽ അവകാശിയാവുക" എന്ന വിളിക്ക് ഓഹരിക്കാരായി തീരുവാൻ ഇടയാകും. ഇതിനെല്ലാം തുടക്കം കുറിക്കേണ്ടത് ദൈവീകജ്ഞാനത്താലാണ്. ഈ ജ്ഞാനത്താൽ നിറയപ്പെടാൻ ഒരു പ്രാർത്ഥനയോടെ ഈ ചിന്തകൾ ഉപസംഹരിക്കാം.

*സകലജ്ഞാനത്തിന്റെയും ഉറവിടമായ പിതാവേ, ഞങ്ങളുടെ അറിവുകൾ നിസാരമാണ്. ഞങ്ങളുടെ പദ്ധതികൾ പരാജയപ്പെടാം. അങ്ങയുടെ ഹിതം തിരിച്ചറിയാൻ ആർക്കു കഴിയും? നശ്വരശരീരം ആത്മാവിന് ദുർവഹമാണ്. ഈ മൺകൂടാരം ചിന്താശീലമുള്ള മനസ്സിനെ ഞെരുക്കുന്നു. ഭൂമിയിലുള്ള കാര്യങ്ങൾ പോലും ഗ്രഹിക്കാൻ ദുഷ്ക്കരം. അടുത്തുള്ളതു പോലും വളരെ അധ്വാനിച്ച് വേണം കണ്ടെത്താൻ. പിന്നെ സ്വർഗ്ഗത്തിലുള്ള കാര്യങ്ങൾ ആർക്കുകണ്ടെത്താൻ കഴിയും? അങ്ങ് ജ്ഞാനത്തേയും, അങ്ങയുടെ പരിശുദ്ധാത്മാവിനേയും ഉന്നതത്തിൽനിന്നു നൽകിയില്ലെങ്കിൽ അങ്ങയുടെ ഹിതം ആരറിയും? അതുകൊണ്ട് അങ്ങയുടെ സിംഹാസനത്തിൽ നിന്ന് ഞങ്ങൾക്കു ജ്ഞാനം നൽകേണമേ. – ആമേൻ*

ഈ പ്രാർത്ഥന ശലോമോന്റെ ഒരു പ്രാർത്ഥനയായി അനുമാനിക്കപ്പെടുന്നു. (ജ്ഞാനം: 9 :1–18)

*9–ാം പേജിന്റെ തുടർച്ച... (ക്രിസ്ത്യാനിത്വത്തിന്റെ അർത്ഥം)*

സ്വത്തായിത്തീരുന്ന അടിമയുടെ ചിത്രവും ഉണ്ടായിരുന്നിരിക്കാം. മറ്റൊരു ജാതീയ സഭയ്ക്ക് (Gentile Church) എഴുതുമ്പോൾ കൃപയ്ക്ക് അധീനർ അനുസരണത്തിനു ദാസന്മാർ നീതിക്ക് അടിമകൾ, ദൈവത്തിനു ദാസന്മാർ (റോമർ 12:22) എന്നൊക്കെ പറയുന്നു.

മനുഷ്യന്റെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയതാണ്. അത് കൊടുത്തു തീർക്കാൻ ആർക്കും കഴിയുകയില്ല (സങ്കീ. 49:7–9). മനുഷ്യന്റെ ആ നിസഹായാവസ്ഥയിൽ മനുഷ്യന്റെ വീണ്ടെടുപ്പു വിലയായിത്തീർന്നതു യേശുവിന്റെ വിലയേറിയ രക്തം ആണ് (1പത്രൊ. 1:19). യേശുക്രിസ്തു കാൽവറിയിൽ അവിടുത്തെ ജീവൻ മനുഷ്യ ജീവനുപകരമായി അർപ്പിച്ചു. ബലിയാടിന്റെ മേൽ യാഗാർപ്പകന്റെ പാപവും അകൃത്യവും ചുമത്തുന്നതു പോലെ യേശു മനുകുലത്തിന്റെ പാപം കുടിച്ചു. നാം നീതിയാക്കപ്പെടേണ്ടതിനു പാപം അറിയാത്ത യേശുവിനെ പാപമാക്കി (2കൊരി. 5:21).

## നീതികരണം

രക്ഷയുടെ മറ്റെ മുഖമാണു നീതീകരണം. ഡികായ്ഊ (Dikaioo) എന്ന പദം നീതിന്യായ കോടതി ഭാഷയിൽ നിന്നു കടം കൊണ്ടതാണ്. "നീതിമാനായിരിക്കുക, നീതിമാനാക്കുക" എന്നൊക്കെയാണർത്ഥം. കോടതി മുമ്പാകെ ഹാജരാക്കപ്പെടുന്ന ഒരു നിരപരാധിയെ, അപരാധിയല്ലെന്നു കോടതിക്കു ബോധ്യമായാൽ മോചിപ്പിക്കും. ദൈവത്തിന്റെ നീതി കോടതി മുമ്പാകെ നില്ക്കുന്ന മനുഷ്യൻ തികഞ്ഞ കുറ്റവാളിയാണ്; എങ്കിലും ദൈവം അവനെ നിരപരാധി എന്നു വിധിക്കുന്നു. അതാണു നിതീകരണം.

മനുഷ്യന്റെ അപരാധങ്ങളെ ന്യായീകരിക്കയല്ല, ദുഷ്ടനെ നിതീകരിക്കുന്നതു ദൈവത്തിനു വെറുപ്പ് (സദൃ. 17:15) ആണ്.

ഞാൻ (ദൈവം) ദുഷ്ടനെ നിതീകരിക്കുകയില്ലല്ലോ (പുറ. 23:7), ദൈവം പറയുന്നു.

സർവ്വശക്തനെങ്കിലും നീതിബദ്ധനായ ദൈവത്തിനു അക്രമിയായ മനുഷ്യനെ നീതികരിക്കാൻ കഴി കയില്ല.

ദൈവനീതി യോഗ്യമാം വിധം നിറവേറണം. ആ നീതി നിറവേറ്റാനാണ് യേശു ജഡത്തിൽ വന്നത്. (ഫിലി. 2:6–8) ജഡരക്തങ്ങളോടുകൂടിയ മക്കൾക്കു നീതി നല്കുവാൻ (എബ്രാ. 2:14).

ഗത്സമനത്തോട്ടത്തിൽ യേശുവിന്റെ മുമ്പിൽ തെളിഞ്ഞു വന്ന ചഷകം മനുകുലത്തിന്റെ പാപം നിറഞ്ഞതായിരുന്നു. ആ പാപ ചഷകം നുകർന്നുകൊണ്ടു ദൈവത്താൽ കൈവിടപ്പെട്ടവനായി ബലിയാടായിത്തീരാതെ "കഴിയുമെങ്കിൽ" ഈ പാനപാത്രം നീക്കണമേ എന്ന് യേശു പ്രാണവേദനയിൽ വിലപിച്ചതു (മത്താ. 26:39, മർക്കൊ. 14:36, ലൂക്കൊ. 22:42) വീണ്ടെടുപ്പിന്റെ വില കൊടുക്കാൻ മടിച്ചിട്ടല്ല "ഞാനും പിതാവു ഒന്നാകുന്നു" എന്ന അവസ്ഥയിൽ നിന്നും "എന്നെ കൈവിട്ടതെന്ത്" എന്നു വിലപിക്കേണ്ട അവസ്ഥയിലേക്കുള്ള മാറ്റം ദുസ്സഹമായതു കൊണ്ടു തന്നെ.

എങ്കിലും യേശു ദൈവഇഷ്ടത്തിനു സമർപ്പിച്ചു. ആ ഇഷ്ടത്തിൽ അവിടുന്ന് ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ നാം വിശുദ്ധീകരിക്കപ്പെട്ടു (എബ്രാ. 10:10). നിമിഷങ്ങൾ മാത്രം നിത്യനിയോഗനിവൃത്തിയായി ക്രൂശിൽ കൈവിടപ്പെട്ടപ്പോൾ ദൈവപുത്രനുണ്ടായ പ്രാണവേദന നിത്യമായി കൈവിടപ്പെട്ടുപോകുന്ന മനുഷ്യർ അറിയുന്നില്ല.

"നിവർത്തിയായി" എന്നു യേശു പറയുമ്പോൾ മനുഷ്യന്റെ പ്രാണന്റെ മറുവില കൊടുത്തു തീർത്തു എന്നു തന്നെയാണർത്ഥം. പാപത്തിന്റെ ശിക്ഷ യേശു വഹിച്ചു കഴിഞ്ഞു. അതുകൊണ്ടു ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല (റോമ. 8:1)

ദൈവം ഇന്നു ലോകത്തെ നോക്കുന്നത് യേശുവിലൂടെയാണ്. യേശുവിൽ ആയിരിക്കുന്ന മനുഷ്യനു ശിക്ഷാവിധിയില്ല. യേശു അവന്റെ നീതിയായിത്തീരുന്നു.

ഏദെനിൽ ദൈവത്തിന്റെ സന്മനസിനെ അവിശ്വസിച്ച മനുഷ്യൻ യേശുവിൽ ദൈവ സ്നേഹത്തെ വിശ്വസിക്കുമ്പോൾ അത് അവനു നീതിയായിത്തീരുന്നു.

ഏദെനിൽ മനുഷ്യന്റെ നഗ്നത മറയ്ക്കാനുള്ള പരിശ്രമം വ്യർത്ഥമായതുപോലെ എന്നും മനുഷ്യന്റെ പരിശ്രമങ്ങൾ പ്രയോജന രഹിതം തന്നെ. രക്ഷാവസ്ത്രവും നീതിവസ്ത്രവും സൗജന്യമാണ്. യേശുവിനെ കൈക്കൊള്ളുന്നവന് യേശുവിന്റെ പദവിയായ പുത്രത്വം ലഭിക്കുന്നു (യോഹ. 1:12).

ജീവ വൃക്ഷത്തിലേക്കുള്ള പ്രവേശനം തടഞ്ഞു നിന്ന ദൂതന്റെ തിരിയുന്ന വാൾ (ഉല്പ. 3:24) ഇടയന്റെ മേൽ വീണപ്പോൾ (സെഖ.13:7) മനുഷ്യനു ജീവനിലേക്കു പ്രവേശനം സാധിതമായി. ക്രിസ്തീയതയുടെ ധന്യത ഈ പ്രവേശനമാണ്, പാപിയായ മനുഷ്യനു സൗജന്യമായി ലഭിക്കുന്ന മോചനം. പക്ഷെ, മനുഷ്യന് ഈ നീതീകരണം ലഭിക്കുന്നതു വിശ്വാസത്താലും ഏറ്റുപറച്ചിലിലൂടെയുമാണ് (റോമ. 10:10) വിശ്വാസത്താൽ നീതികരിക്കപ്പെട്ടവർക്കു ദൈവസന്നിധിയിലേക്ക് – കൃപാസനത്തിലേക്കു പ്രവേശനം ഉണ്ട് (റോമ. 5:1–2, എബ്രാ. 4:16).



രാജൻ ജെ. ആഷെർ

# ക്രിസ്ത്യാനിത്വത്തിന്റെ അർത്ഥം

രക്ഷ ബൈബിളിന്റെ തനതു ദർശനമാണ്. ഇതര മതദർശനങ്ങളെല്ലാം മനുഷ്യന്റെ പാതകത്തിനു അവനവൻ തന്നെ പരിഹാരം വരുത്തണം എന്നു നിഷ്കർഷിക്കുമ്പോൾ ബൈബിൾ മാത്രം വീണുപോയ മനുഷ്യന് ഉദ്ധാരണം വാഗ്ദാനം ചെയ്യുന്നു. ബൈബിൾ ദർശനത്തിൽ ദുഷ്ടനും ശിഷ്ടനും എന്ന വേർ തിരിവ് ഇല്ല. എല്ലാവരും പാപത്തിന് അധീനരാണ് എന്നു തിരുവെഴുത്തുകൾ സാക്ഷ്യപ്പെടുത്തുന്നു (റോമ. 3:10, 11, 23).

പാപത്തിന്റെ അനിവാര്യ ശിക്ഷയാണു മരണം (റോമ. 6:23). ഏക മനുഷ്യനാൽ പാപവും പാപം മൂലം മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്തതിനാൽ മരണം എല്ലാവരിലും വ്യാപിച്ചു (റോമ. 5:12). ആദാമ്യ കുലത്തിനു പൈതൃകമായി കിട്ടിയതാണു പാപവും മരണവും.

ആദിയിൽ "ജീവൻ" വേണ്ടെന്നു വെച്ചു മരണക്കനി തിന്ന ആദാമിന്റെ മക്കളും അനുഗ്രഹത്തിനു പകരം ശാപം പ്രിയപ്പെട്ടുകൊണ്ടു (സങ്കീ. 109:17) താന്താന്റെ വഴിക്കു തിരിഞ്ഞു (യെശ. 53:6).

ദൈവത്തെ സ്വതന്ത്രവും ഹൃദയപൂർവ്വവുമായി സ്നേഹിച്ചുകൊണ്ടു നല്ല കൂട്ടായ്മ ബന്ധത്തിലായിരിക്കാനാണു മനുഷ്യനെ ദൈവസ്വരൂപത്തിൽ സൃഷ്ടിച്ചത്. മനുഷ്യനുണ്ടായിരുന്ന ആ സ്വാതന്ത്ര്യം ദൈവഹിതത്തിനു വിപരീതമായി ഉപയോഗിച്ചു. അഹങ്കാരത്തിലും സ്വസ്നേഹത്തിലും ദൈവസാധീനത്തിന് അഥവാ ദൈവനിയന്ത്രണത്തിനു വെളിയിൽക്കടക്കാനുള്ള ഇച്ഛയിലും ദൈവത്തെ അവിശ്വസിച്ചു.

തന്റെ നന്മയ്ക്കാവശ്യമായ ശക്തി, സമ്പാദ്യങ്ങൾ, ജ്ഞാനം എന്നിവയിലൂടെയുള്ള ഭദ്രത ദൈവം തന്നിൽ നിന്നും മറച്ചുവെക്കുന്നുവെന്ന ശങ്ക, സ്രഷ്ടാവിന്റെ സന്മനസിൽ പൂർണ്ണമായി ആശ്രയിക്കുന്നതു മൗഢ്യമാണെന്ന പരീക്ഷകപക്ഷം, (ഉല്പ. 3:4,5) വിശ്വസിച്ചു, ദൈവത്തെപ്പോലെ ദൈവമകനായി ഉണ്ടാക്കപ്പെട്ട (ഉല്പ. 1:26,27, ലൂക്കൊ. 3:38) മനുഷ്യൻ പാപത്തിന്റെ വ്യാജത്തിൽ മൂക്കുകുത്തി വീണു. പാപം അവനെ അധീനനാക്കി (റോമ. 8:24). അവൻ പാപത്തിനു ദാസനായി വില്ക്കപ്പെട്ടവനായി, പാപപ്രമാണത്തിനു ബദ്ധനാക്കപ്പെട്ടു (റോമ. 7:14, 23). മനുഷ്യന്റെ യഥാർത്ഥ ജീവനായ ദൈവം അവന് അന്യനായി; ശത്രുവായി.

ആഴത്തിൽ നിന്നാഴത്തിലേക്കു പോകുന്ന മനുഷ്യനു സ്വയം രക്ഷപ്പെടാൻ കഴിയാത്തതുകൊണ്ടു ദൈവം മനുഷ്യന്റെ തുണയ്ക്കെത്തുന്നതാണു രക്ഷയിൽ പ്രകടമാവുന്നത്. മറ്റു വാക്കുകളിൽ, നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ട മനുഷ്യനെ ആ ശിക്ഷാവിധിയിൽ നിന്നു വിടുവിക്കാൻ ദൈവം ഒരുക്കിയ പദ്ധതിയാണു രക്ഷ. ശിക്ഷയിൽ നിന്നും അതിനുകാരണമായ പാപത്തിൽ നിന്നുമുള്ള വിടുതൽ അഥവാ മോചനം.

രക്ഷയിൽ, നിത്യമരണത്തിൽ നിന്നുള്ള വിടുതൽ എന്നതിലുപരി ഏദെനിൽ മനുഷ്യനു നഷ്ടപ്പെട്ടതെല്ലാം മടക്കി നല്കി പുത്രത്വ പദവിയിലേക്കുള്ള പുനഃസ്ഥാപനവും, പാപത്തിന്റെ ശക്തിയിൽ നിന്നു മോചിക്കപ്പെട്ട അവസ്ഥയും, ശരീരത്തിന്റെ തന്നെ വീണ്ടെടുപ്പുൾപ്പെടെ യുഗാന്ത്യപരമായി പ്രത്യാശയും ഉൾപ്പെടുന്നു.

ഈ ആശയം നന്നായി വിളങ്ങാൻ തിരുവചനത്തിൽ വൈവിദ്ധ്യമുള്ള വാക് ചിത്രങ്ങൾ ഉപയോഗിക്കുന്നു. നിത്യജീവൻ, വീണ്ടും ജനനം, നിരപ്പ്, പുത്രത്വം, വീണ്ടെടുപ്പ്, പാപമോചനം, ദൈവരാജ്യ പ്രവേശനം, നിതീകരണം എന്നിവയാണ് ആ വേദശാസ്ത്ര പദങ്ങൾ.

അവയിൽ പ്രധാനപ്പെട്ട രണ്ടെണ്ണം മാത്രം ഇവിടെ ചിന്തിക്കുന്നു.

### വീണ്ടെടുപ്പ്

രക്ഷയുടെ രണ്ടു മുഖങ്ങളിലൊന്നാണു വീണ്ടെടുപ്പ്. 'രക്ഷ' യ്ക്കു മൂലഭാഷയിൽ വിടുതൽ, സുരക്ഷിതമായി പുറത്തുകൊണ്ടുവരൽ, ദോഷത്തിൽ നിന്നുള്ള പരിരക്ഷ എന്നൊക്കെ പരിഭാഷപ്പെടുത്താവുന്ന സോറ്റീറിയ (Soteria) എന്ന യവന പദം ആണ് ഉപയോഗിച്ചിരിക്കുന്നത്. രക്ഷ മാർഗ്ഗമാണ്; ആ മാർഗ്ഗം യേശുവാണ്. യേശു മനുഷ്യനെ പാപത്തിന്റെ ശാപത്തിൽ നിന്നു വിടുവിച്ചു സുരക്ഷിതമായി പുറത്തുകൊണ്ടുവന്നു ദൈവവുമായുള്ള നിത്യകൂട്ടായ്മയിലേക്കു നയിക്കുന്നു. രക്ഷ ദൈവത്തിന്റെ ദാനമാണ്, എങ്കിലും രക്ഷ ലഭ്യമാക്കുക എളുപ്പമല്ല.

വിട്ടുവീഴ്ചയില്ലാത്ത ദൈവനീതി പാപത്തിന്റെ ശമ്പളം മരണ (റോമ. 6:23) മെന്നു വിധിക്കുന്നു. പാപത്തിനു ബദ്ധനാക്കപ്പെട്ട മനുഷ്യനു സ്വയം സ്വതന്ത്രനാവുക സാധ്യമല്ല. പരിശുദ്ധനായ ദൈവ ദൃഷ്ടിയിൽ മനുഷ്യൻ മ്ലേച്ഛനായ പാപിയാണ്. പാപത്തിനു നേരെ കണ്ണടയ്ക്കാൻ ദൈവത്തിനാകുകയില്ല.

പക്ഷേ, തപ്തമായ ആ പിതൃഹൃദയം കേഴുന്നു! "....ഞാൻ നിന്നെ എങ്ങനെ വിട്ടു കൊടുക്കും... ഞാൻ നിന്നെ എങ്ങനെ ഏല്പിച്ചു കൊടുക്കും.... എന്റെ ഹൃദയം എന്റെ ഉള്ളിൽ മറിഞ്ഞു കൊള്ളുന്നു. എന്റെ അയ്യോഭാവം ഒക്കെയും ജ്വലിക്കുന്നു. എന്റെ ഉഗ്രകോപം ഞാൻ നടത്തുകയില്ല... നശിപ്പിക്കുകയുമില്ല" (ഹോശേയ 11:8–9). അപ്പോൾ പിന്നെ വീണ്ടെടുപ്പ് മാത്രമേ പോംവഴിയുള്ളു. പാപ മോചനം എന്ന വീണ്ടെടുപ്പ്.

വീണ്ടെടുപ്പ് എന്ന ആശയം 'മറുവില' എന്ന മറ്റൊന്നിലേക്കു വിരൽ ചൂണ്ടുന്നു. അന്യാധീനപ്പെട്ടു പോയതിനെ വീണ്ടു കൊള്ളാൻ ചെലവാകുന്ന അർത്ഥം ആണു വീണ്ടെടുപ്പുവില. മോശയുടെ ന്യായപ്രമാണമനുസരിച്ച് ആദ്യജാത ശിശുവിനെ വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ചു ശേക്കൽ മറുവില കൊടുത്തു വീണ്ടെടുക്കണം (സംഖ്യ. 18:16). ജനസംഖ്യ കണക്കെടുക്കുമ്പോൾ 20 വയസിനു മേൽ പ്രായമുള്ളവനെല്ലാം അരശേക്കൽ വീണ്ടെടുപ്പുവില കൊടുക്കണം. ബാധ ഉണ്ടാകാതിരിക്കാനാണിത്.

ഈ പ്രായശ്ചിത്തദ്രവ്യം ധനസ്ഥിതിയനുസരിച്ചു കൂടുകയോ കുറയുകയോ ഇല്ല. എല്ലാവർക്കും അരശേക്കൽ തന്നെ (പുറ. 10:12–16). ഒരു യിസ്രായേല്യൻ ഒരു വിദേശിക്കു അടിമപ്പെട്ടാൽ അവന്റെ അടുത്ത ചാർച്ചയിലുള്ള ഒരുവന് അവനെ വിലകൊടുത്തു വീണ്ടുകൊള്ളാം. (ലേവ്യ. 25:47–49). സാധാരണ വീണ്ടെടുപ്പു വില പണമായിട്ടാണു നല്കിയിരുന്നതെങ്കിലും ചിലപ്പോൾ ഒരു ജന്തുവിനെ മറ്റൊന്നിനെ വീണ്ടെടുക്കാനായി നല്കാൻ അനുവാദമുണ്ട് (പുറ. 13:13; 34:20). ഇവിടെ ഒരു അശുദ്ധ മൃഗത്തെ ശുദ്ധിയുള്ള ഒരു മൃഗമാണു വീണ്ടെടുക്കുക എന്നുള്ളതു ശ്രദ്ധേ യമാണ്.

യഹൂദാമനസിൽ വീണ്ടെടുപ്പ് പരിചയമുള്ളതു തന്നെയെങ്കിലും മനുഷ്യന്റെ വീണ്ടെടുപ്പ് അസാദ്ധ്യമാണന്നു തന്നെ അവൻ വിശ്വസിച്ചു. മനുഷ്യൻ എന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുക്കാനോ ദൈവത്തിന് (ദൈവനീതിക്ക് എന്നു വായിക്കുക) വീണ്ടെടുപ്പു വില കൊടുക്കാനോ ആർക്കും കഴിയുകയില്ല. മനുഷ്യന്റെ വീണ്ടെടുപ്പ് വിലയേറിയത്. അത് ഒരുനാളും സാധിക്കയില്ല (സങ്കീ. 49:7–9) എന്ന പരുക്കൻ പരമാർത്ഥം അവനെ തുറിച്ചു നോക്കി നില്ക്കുന്നു.

യേശുവും ആ ചോദ്യശരം എയ്തു വിടുന്നു: തന്റെ ജീവനും വേണ്ടി മനുഷ്യൻ എന്തൊരു മറുവില കൊടുക്കും (മർക്കൊ. 8:37)

'യവന ലോകത്തിലും മറുവില' സുപരിചിതമായിരുന്നുവെന്ന് അഡോൾഫ് ഡസ്മാൻ (Adolf Deissmann) പറയുന്നു. അവിടെ അടിമകളെ ക്ഷേത്രങ്ങളിൽ ദേവതയ്ക്കു വില്ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. വിലയായി ക്ഷേത്രഭണ്ഡാരത്തിൽ നിന്ന് ഒരു തുക ഉടമസ്ഥൻ കൈപ്പറ്റിയിരുന്നു. ആ തുക ആ അടിമ തന്റെ കരുതൽ ധനത്തിൽ നിന്നു മുൻകൂട്ടി ക്ഷേത്രഭണ്ഡാരത്തിൽ അടച്ചിരിക്കും. അല്ലെങ്കിൽ അവനു വേണ്ടി മറ്റാരെങ്കിലും അടച്ചിട്ടുണ്ടാവും. ആ അടിമ ദേവതയുടെ സ്വകാര്യ സ്വത്തായി ത്തീർന്നാലും മാനുഷികമായി അവൻ സ്വതന്ത്രനാണ്. അവന്റെ തന്നെ അദ്ധ്വാന ഫലം കൊണ്ടോ മറ്റൊരാളുടെ ആ ഔദാര്യം കൊണ്ടോ സ്വാതന്ത്ര്യം വിലയ്ക്കു വാങ്ങുന്ന കാര്യമാണിത്.

"നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല" (1 കൊരി. 6:19) എന്നു കുറിക്കുമ്പോൾ പൗലോസിന്റെ മനസിൽ യവന ക്ഷേത്രത്തിലെ ദേവതയുടെ സ്വകാര്യ

(ശേഷം 8–ാം പേജിൽ)

**ആഴത്തിൽ നിന്നാഴത്തിലേക്കു പോകുന്ന മനുഷ്യനു സ്വയം രക്ഷപ്പെടാൻ കഴിയാത്തതുകൊണ്ടു ദൈവം മനുഷ്യന്റെ തുണയ്ക്കെത്തുന്നതാണു രക്ഷയിൽ പ്രകടമാവുന്നത്. മറ്റു വാക്കുകളിൽ, നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ട മനുഷ്യനെ ആ ശിക്ഷാവിധിയിൽ നിന്നു വിടുവിക്കാൻ ദൈവം ഒരുക്കിയ പദ്ധതിയാണു രക്ഷ. ശിക്ഷയിൽ നിന്നും അതിനുകാരണമായ പാപത്തിൽ നിന്നുമുള്ള വിടുതൽ അഥവാ മോചനം. പക്ഷെ, മനുഷ്യന് ഈ നീതീകരണം ലഭിക്കുന്നതു വിശ്വാസത്താലും ഏറ്റുപറച്ചിലിലൂടെയുമാണ് (റോമ. 10:10)**

## നേപ്പാളിൽ 13 പേർ സ്നാനപ്പെട്ടു



നേപ്പാളിലെ നവൽപരാസി ജില്ലയിൽ പ്രവർത്തിക്കുന്ന സഹോദരൻ രാജേന്ദ്ര ബിശ്വകർമ്മയുടെ പ്രവർത്തനം അനുഗ്രഹമായി മുന്നേറുന്നു. ഈ ജില്ലയിലെ അംബാസ ഗ്രാമത്തിലെ സാബിത്രി, ജർഗഗാ ഗ്രാമത്തിലെ ദിൽസിംഗ് ഥാപ്പ, സന്ധ്യാഥാപ്പ, ബിസാകാ ഗ്രാമത്തിലെ പസുപതിചൗധരി, കമൽഛെത്രി, അംബികാഥാപ്പ, സരിനാഥാപ്പ, ജുനാഥാപ്പാ എന്നിവർ സ്നാനപ്പെട്ടു. മാത്രമല്ല, നവൽപരാസി ജില്ലയിൽ പ്രവർത്തിക്കുന്ന സഹോ. ബുദ്ധിറാമിന്റെ ശുശ്രൂഷയിലൂടെ മൽപൂർ ഗ്രാമത്തിലെ ജിതേന്ദ്രാ; രാജ്ദുർ ഗ്രാമത്തിലെ പ്രകാശ്, ജർതികോലി ഗ്രാമത്തിലെ പ്രേംപ്രസന്നദ് അമർഷാഗ്രാമത്തിലെ ദക്ബഹാദൂർ, നന്ദ്പൂർ ഗ്രാമത്തിലെ മേഴിലാൽ എന്നിവരും ജലസ്നാനമേറ്റു ക്രിസ്തുസഭയോടു ചേരുവാൻ ഇടയായി.

ക്രൈസ്തവസഭയുടെ ചരിത്രം - ഭാഗം 65

# ശാബത്തുകാർ, യഹോവസാക്ഷികൾ, ബൈബിൾ സൊസൈറ്റി എന്നിവയുടെ ആരംഭം

*എൻ. ജസ്റ്റിൻരാജ്*

## സെവന്ത് ഡേ അഡ്വന്റിസ്റ്റ്

"ശാബത്തുകാർ"എന്ന പേരിൽ അറിയപ്പെടുന്ന സെവന്തു ഡേ അഡ്വന്റിസ്റ്റ് സമൂഹത്തിന്റെ സ്ഥാപനത്തിനു വഴി തെളിച്ചത് കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ചിന്തകളിൽ സംഭവിച്ച തെറ്റിദ്ധാരണയാണ്. ഈ സമൂഹത്തിന്റെ ആദ്യ നേതാവായിരുന്നു വില്യം മില്ലർ (1782-1849) എന്ന അമേരിക്കൻ. ക്രിസ്തു 1843-1844-ൽ വരികയും തുടർന്ന് "സഹസ്രാബ്ദ വാഴ്ച" ആരംഭിക്കുമെന്നും വചനവിരുദ്ധമായ തെറ്റായ ഉപദേശം മില്ലർ പ്രസംഗിച്ചു. എന്നാൽ തന്റെ ഉപദേശത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് തെളിഞ്ഞു. ക്രിസ്തുവിന്റെ വരവിന്റെ തീയതികൾ അദ്ദേഹം മാറ്റി മാറ്റി പ്രവചിച്ചു. ഇതെല്ലാം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ മൂന്നായി പിരിഞ്ഞു.

സെവന്ത് ഡേ അഡ്വന്റിസ്റ്റിന്റെ സ്ഥാപക എന്നറിയപ്പെടുന്നത് വില്യം കെല്ലറുടെ ശിഷ്യയായ ഹെലൻ ജീ വൈറ്റ് എന്ന വനിതയാണ്. പഴയനിയമത്തിലെ യെഹൂദന്മാരുടെ ശാബത് ആചരിക്കണമെന്ന് അവർ പഠിപ്പിച്ചു. 1860ലാണ് സെവന്ത് ഡേ അഡ്വന്റിസ്റ്റ് രൂപം കൊണ്ടത്. ഇന്ത്യയിൽ 1890-ൽ കൽക്കട്ടയിലായിരുന്നു ആദ്യമായി ഈ സമൂഹം പ്രവർത്തനം ആരംഭിച്ചത്. കേരളത്തിൽ 1914-ൽ സുവിശേഷമുത്തു എന്നയാളാണ് ശാബത് സമൂഹത്തിന്റെ ആദ്യ പ്രബോധകൻ. വചനവിരുദ്ധമായ ഉപദേശങ്ങളാണ് ബൈബിൾ പ്രവചനങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് ഇവർ നല്കുന്നത്.

## യഹോവ സാക്ഷികൾ

ശാബത്ത്കാരെപ്പോലെ വചനവിരുദ്ധമായ ഉപദേശങ്ങളാണ് യഹോവ സാക്ഷികളുടേതും. ദൈവവിശ്വാസമില്ലാതിരുന്ന സി.റ്റി. റസ്സൽ ആണ് പിന്നീട് സെവന്ത് ഡേ അഡ്വന്റിസ്റ്റിന്റെ സ്ഥാപകനായത്. മില്ലേനിയൻ ഡോൺ എന്ന പ്രസ്ഥാനത്തിന് രൂപം നല്കി അതിലൂടെ തന്റെ ആശയങ്ങൾ അദ്ദേഹം പ്രഘോഷിച്ചു. ഇദ്ദേഹത്തിന്റെ സംഘടന പല പല പേരുകൾ മാറി മാറി സ്വീകരിച്ചു. ഉപദേശസ്ഥിരതയില്ലായ്മയും അതിനോട് അനുയായികൾക്കുള്ള വിയോജിപ്പുമായിരുന്നു ഇതിന് കാരണം. അദ്ദേഹത്തിന്റെ പിൻഗാമിയായ റുഥർഫോർഡാണ് "യഹോവ സാക്ഷികൾ" എന്ന പേരു നല്കിയത് (1931). അവരുടെ ഉപദേശത്തിന് സഹായകമായി സ്വന്തമായി ഒരു ബൈബിൾ വിവർത്തനവും 1961-ൽ പുറത്തിറക്കി. ക്രിസ്തുവിന്റെ ദൈവത്വത്തിലോ, ത്രിത്വത്തിലോ ഇവർക്ക് വിശ്വാസമില്ല. യാതൊരു വചനാടിസ്ഥാനവുമില്ലാത്ത തെറ്റായ സിദ്ധാന്തമാണ് അവരുടേത്. 1874-ൽ ക്രിസ്തുവിന്റെ രണ്ടാം വരവുണ്ടാകുമെന്ന് റസ്സൽ പ്രവചിച്ചു. പിന്നെ 1878, 1914, 1915, 1916, 1918, 1925, 1929, 1975 എന്നീ ആണ്ടുകളിൽ ഉണ്ടാവുമെന്ന് മാറി മാറി പലരും പ്രവചിച്ചു. എല്ലാം തെറ്റിയെങ്കിലും 1918-ൽ ക്രിസ്തു രാജ്യം സ്ഥാപിച്ചുവെന്നും അന്നുമുതൽ 'സഹസ്രാബ്ദ വാഴ്ച' യാണെന്നും, നിത്യമായ നരകമില്ലെന്നും അവർ പഠിപ്പിക്കുന്നു. കേരളത്തിൽ യഹോവ സാക്ഷികളുടെ പ്രവർത്തനം 1925-ൽ മല്ലപ്പള്ളിയിൽ ആരംഭിച്ചു.

## വചനത്തിനായി ദാഹിച്ച മേരി ജോൺസ് എന്ന വനിത

നെയ്ത്തു പണിക്കാരായ ജേക്കബ് ജോൺസ് മോളി ദമ്പതികളുടെ മകളായി 1784-ൽ മേരി ജോൺസ് വെയിത്സിൽ ജനിച്ചു. ഭക്തരായിരുന്ന മാതാപിതാക്കളെ മേരി ജോലിക്കാര്യങ്ങളിൽ സഹായിച്ചിരുന്നു. ഞായറാഴ്ചകളിൽ ആരാധനക്കുപോകുമ്പോൾ ശുശ്രൂഷകൻ വെൽഷ് ഭാഷയിലുള്ള ബൈബിൾ വായിച്ചു പ്രസംഗിക്കുന്നത് മേരിക്ക് വളരെ ഇഷ്ടമാണ്. വേദവചനങ്ങൾ മന:പ്പാഠമാക്കിയ അവൾ ബൈബിൾ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ക്രിസ്തീയഗാനങ്ങൾ പഠിക്കുകയും ചെയ്തു. ഒരു ബൈബിൾ സ്വന്തമായി വേണം എന്ന ആഗ്രഹം ഹ്യൂ എന്ന തന്റെ സഭാശുശ്രൂഷകനോട് അവൾ പ്രകടിപ്പിച്ചു. പക്ഷേ വെയിത്സിൽ വെൽഷ് ഭാഷയിലുള്ള ബൈബിൾ വിരളമാണെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തമായി ഒരു ബൈബിൾ എന്നത് ചിന്തിക്കുവാൻ പോലും പറ്റാത്ത കാര്യമായിരുന്നു. അല്ലെങ്കിൽത്തന്നെ അതു വാങ്ങുവാനുള്ള പണം എങ്ങനെ കിട്ടും? സ്വന്തമായ ഒരു ബൈബിളിനായി അവൾ വളരെ ആഗ്രഹത്തോടെ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഒരു സ്കൂളിൽ ചേർന്ന് പഠിക്കണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും അടുത്തെങ്ങും സ്കൂളുകളില്ല. അപ്പോഴാണ് ബൈബിൾ വായിക്കുവാൻ ആളുകളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റവ. തോമസ് ചാൾസ് ചർച്ചിൽ തന്നെ ഒരു സ്കൂൾ തുടങ്ങുന്നത്. രണ്ട് മൈൽ ദൂരെയുള്ള സ്കൂളിൽ ഒൻപതു വയസ്സു പ്രായം മാത്രമുള്ള അവൾ തന്റെ കൂട്ടുകാരിയുമായി കടന്നുപോയി അക്ഷരങ്ങൾ പഠിച്ചു. വായിക്കുവാൻ പഠിച്ചു. ജോ എല്ലീസെന്ന അദ്ധ്യാപകൻ മേശപ്പുറത്തുവച്ചിരുന്ന ബൈബിൾ അവൾ ആർത്തിയോടെ തൊട്ടു! അതു മറിച്ചു നോക്കി വായിച്ചു! തന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷം നിറഞ്ഞ ദിവസമായിരുന്നു അത്!!

സ്വന്തമായ ഒരു ബൈബിൾ എന്ന ആഗ്രഹത്തോടെ അവൾ കൊച്ചു കൊച്ചു ജോലികൾ ചെയ്തു. തന്റെ മറ്റെല്ലാ ആവശ്യങ്ങളും മാറ്റിവച്ചുകൊണ്ട് അവൾ ഓരോ ദിവസവും ചില്ലിക്കാശുകൾ സ്വരൂപിച്ചു. അവൾ സമ്പാദിച്ച പണം അവൾ എണ്ണിനോക്കി. ബൈബിളിനാവശ്യമായ പണം തികഞ്ഞു. അവൾക്കു വളരെ സന്തോഷമായി. തന്റെ സഭാശുശ്രൂഷകൻ പറഞ്ഞതനുസരിച്ച് ബൈബിൾ കിട്ടണമെങ്കിൽ 40 കിലോമീറ്റർ നടന്ന് ബാല എന്ന സ്ഥലത്തുപോകണം. അവൾ ഒന്നും മടിച്ചില്ല. കൊള്ളക്കാരും ദുഷ്ടന്മാരും ഉള്ള പ്രശ്നങ്ങൾ നിറഞ്ഞവഴിയിലൂടെ അവൾ യാത്ര തുടർന്നു. സ്വന്തമായ ബൈബിൾ എന്ന അത്യാർത്തിക്കുമുമ്പിൽ ഒന്നും അവൾക്ക് ഭയമായി തോന്നിയില്ല. ആറു വർഷമായി അവൾ സമ്പാദിച്ച പണവുമായി അവൾ നടന്നു. അവളുടെ മാതാപിതാക്കൾ അവൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ബാലയിലെ എഡ്വേർഡ് എന്നയാൾ മറ്റൊരാൾക്കുവേണ്ടി കരുതിയിരുന്ന ബൈബിൾ അവൾ സ്വന്തമാക്കി. അത് നെഞ്ചോടു ചേർത്ത് പിടിച്ചവൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി. അവൾ വീട്ടിൽ തിരിച്ചെത്തി. മേരി ജോൺസിന് ബൈബിൾ സ്വന്തമായി!

> ഒരു ബൈബിളിനായി ആഗ്രഹിച്ച് അതിനായി വളരെ അധികം ത്യാഗം സഹിച്ച പെൺകുട്ടിയുടെ അനുഭവം റവ. തോമസ് ചാൾസിനെ ഏറെ ചിന്തിപ്പിച്ചു. ആവശ്യമുള്ളവർക്കെല്ലാം ബൈബിൾ ലഭ്യമാക്കുന്നതിനുള്ള വഴിയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. ലണ്ടനിലെത്തി റിലിജിയസ് ട്രാക്ടു സൊസൈറ്റിയുമായി ഈ കാര്യം ചർച്ച ചെയ്തു. 1804 -ൽ അങ്ങനെ വെൽഷ് ഭാഷയിൽക്കൂടി ബൈബിൾ പ്രസിദ്ധീകരിക്കുന്നതിനു ധാരണയായി. ലോകഭാഷകളിൽ ബൈബിൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1804-ൽ ബ്രിട്ടീഷ് ആൻഡ്ഫോറിൻ ബൈബിൾ സൊസൈറ്റി രൂപം കൊണ്ടു.

## ബൈബിൾ സൊസൈറ്റിയുടെ ആരംഭം

ഒരു ബൈബിളിനായി ആഗ്രഹിച്ച് അതിനായി വളരെ അധികം ത്യാഗം സഹിച്ച പെൺകുട്ടിയുടെ അനുഭവം റവ. തോമസ് ചാൾസിനെ ഏറെ ചിന്തിപ്പിച്ചു. ആവശ്യമുള്ളവർക്കെല്ലാം ബൈബിൾ ലഭ്യമാക്കുന്നതിനുള്ള വഴിയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. ലണ്ടനിലെത്തി റിലിജിയസ് ട്രാക്ടു സൊസൈറ്റിയുമായി ഈ കാര്യം ചർച്ച ചെയ്തു. 1804-ൽ അങ്ങനെ വെൽഷ് ഭാഷയിൽക്കൂടി ബൈബിൾ പ്രസിദ്ധീകരിക്കുന്നതിനു ധാരണയായി. ലോകഭാഷകളിൽ ബൈബിൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1804-ൽ ബ്രിട്ടീഷ് ആൻഡ്ഫോറിൻ ബൈബിൾ സൊസൈറ്റി രൂപം കൊണ്ടു. വെൽഷ് ഭാഷയിൽ 1806-ൽ പതിനായിരം പുതിയ നിയമവും രണ്ട് വർഷത്തിനുള്ളിൽ ഇരുപതിനായിരം മുഴുവൻ ബൈബിളും അച്ചടിച്ചു. 1811-ൽ ഇന്ത്യയിൽ കല്ക്കട്ടയിലും, 1813-ൽ ബോംബെയിലും 1820-ൽ മദ്രാസിലും ബൈബിൾ സൊസൈറ്റിയുടെ ഓക്സിലറികൾ സ്ഥാപിച്ചു. യുണൈറ്റഡ് ബൈബിൾ സൊസൈറ്റി (UBS) 1946-ൽ രൂപം കൊള്ളുകയും ഇന്ത്യാ ബൈബിൾ സൊസൈറ്റി അതിൽ അംഗമാകുകയും ചെയ്തു. 1956-ൽ ബൈബിൾ സൊസൈറ്റിയുടെ കേരള ഘടകം കോട്ടയത്ത് ആരംഭിച്ചു. 2000-ത്തിലെ റിപ്പോർട്ട് അനുസരിച്ച് 2300 ലോകഭാഷകളിൽ ബൈബിൾ പൂർണ്ണമായോ ഭാഗീകമായോ അടിച്ച് പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടുതൽ ഭാഷകളിൽ ബൈബിൾ പ്രസിദ്ധീകരിക്കുക എന്ന സംരംഭത്തിലാണ് ബൈബിൾ സൊസൈറ്റികൾ. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ വായനക്കാരുള്ളതും കൂടുതൽ ഭാഷകളിൽ ഭാഷാന്തരം ചെയ്തിട്ടുള്ളതും ബൈബിൾ തന്നെയാണ്. ബൈബിൾ പ്രേമികൾക്ക് മേരി ജോൺസ് എന്ന വനിതയെ മറക്കുവാൻ കഴിയില്ല. ഇന്ന് ലോകത്തിന്റെ എല്ലായിടങ്ങളിലും ബൈബിൾ സൊസൈറ്റികളുണ്ട്.

(തുടരും)

### സന്ദീപിന്റെ മദ്യപാനശീലം മാറി



ഛത്തിസ്ഗഢിൽ റായ്പൂർ ജില്ലയിലെ റ്റിൽഡയിൽ പ്രവർത്തിക്കുന്ന ഐസക് നന്ദയുടെ അടുക്കൽ സന്ദീപ് എന്ന ഒരു യുവാവു വളരെ തകർന്ന ഹൃദയത്തോടെയാണ് വന്നത്. തന്റെ മദ്യപാനശീലത്തിൽ നിന്നും ഒരു മോചനമായിരുന്നു പ്രാർത്ഥനാവിഷയം. ജി.എം.ഐ മിഷണറിയായ ബ്രദർ ഐസക് നന്ദ, സന്ദീപിനുവേണ്ടി പ്രാർത്ഥിച്ചു. അയാൾ ക്രമമായി അവിടത്തെ സഭായോഗത്തിൽ വരാൻ തുടങ്ങി. ഇപ്പോൾ മദ്യപാനം പൂർണ്ണമായി മാറി. ഒരു ക്രിസ്തുഭക്തനായി ഇവിടത്തെ കൂട്ടായ്മയിൽ സംബന്ധിച്ചു വരുന്നു. കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനംപ്രതി സഭയോടു ചേർക്കുന്നു.

# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം



## സ്കൂൾ തുറക്കുന്ന നന്മകൾ

ഒരു നല്ല സ്കൂൾ വർഷം വരുന്നു എന്ന ചിന്തയാണ് ഇനി വരും ദിവസങ്ങളിൽ നമ്മുടെ-അഥവാ കുട്ടിക്കൂട്ടുകാരുടെ ഉള്ളിൽ ഉണ്ടാകേണ്ടത്. നല്ല സൗഹൃദം നല്ല സ്നേഹം നല്ല മത്സരം നല്ല സഹായം നല്ല പഠനം നല്ല പെരുമാറ്റം ഇങ്ങനെ ഒരുപാടു നന്മകളിലേക്കു വസന്തമാകുവാൻ ഈ വർഷത്തെ ഉപയോഗപ്പെടുത്താം.

അടുത്തിരിക്കുന്ന കൂട്ടുകാരന്റെ കുറവുകളേക്കാൾ അവന്റെ മേന്മകൾ പരിഗണിക്കാം.

എല്ലാവരും മണ്ടനെന്നു കളിയാക്കുന്നവന്റെ ഇഷ്ടതോഴനാകാം.

പഠിക്കാൻ പ്രയാസപ്പെടുന്ന കുട്ടിയുടെ വേദന മനസ്സിലാക്കി അവനെ സഹായിക്കാം.

സഹപാഠികളുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും കരുത്തു പകർന്ന് ഓരോരുത്തരിലും ജീവിക്കുവാനും ഉയരുവാനും വിജയി ആകാനുമുള്ള കൊതി നല്കി അവരെ ധൈര്യപൂർവ്വം നയിക്കാം.

## ഒന്നിനും കൊള്ളാത്ത മരം

ഒരിക്കൽ ഒരു സന്യാസിയും കുറേ ശിഷ്യന്മാരും കൂടി ദേശാടനം നടത്തുകയായിരുന്നു. പണ്ടു വനമായിരുന്ന ഒരു സ്ഥലത്തുകൂടി അവർ കടന്നു പോയപ്പോൾ ഒരു മരം ഒഴികെ ബാക്കിയുള്ളതെല്ലാം വെട്ടിയെടുത്തിരുന്നു. ആ മരത്തണലിൽ അല്പം വിശ്രമിക്കാൻ സന്യാസിയും കൂട്ടരും ഇരുന്നപ്പോൾ അതുവഴി കടന്നുപോയ ഗ്രാമീണരോട് സന്യാസി ചോദിച്ചു. "എന്തുകൊണ്ടാണ് ബാക്കിയെല്ലാ മരവും വെട്ടിക്കൊണ്ടു പോയിട്ടും ഈ ഒരു മരം മാത്രം ബാക്കിയായത്?" ഗ്രാമീണർ പറഞ്ഞു. "ഈ മരം ഒന്നിനും കൊള്ളില്ല. അടുപ്പിൽ വയ്ക്കാൻ പോലും. അതുകൊണ്ടാണ് ഈ ഒരു മരം മാത്രം ബാക്കിയായത്."

അല്പനേരത്തെ മൗനത്തിനു ശേഷം ശിഷ്യരോട് സന്യാസി ചോദിച്ചു: "ഗ്രാമീണർ പറഞ്ഞതിനെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു......?" ശിഷ്യർ പറഞ്ഞു. "വളരെ ശരിയാണ് ഗുരോ. ഒന്നിനും കൊള്ളാത്ത മരമായതുകൊണ്ടാണ് ഇത് ആരും വെട്ടിയെടുക്കാത്തത്". മന്ദസ്മിതത്തോടെ ഗുരു തുടർന്നു; "ഈ മരത്തിന്റെ തണലിലിരുന്ന് ക്ഷീണമകറ്റുമ്പോഴും കുഞ്ഞുങ്ങളേ.. നിങ്ങൾ ഈ മരത്തെ കുറ്റം പറയുകയാണോ..? മിഴി തുറന്നൊന്നു നോക്കൂ... യാത്ര ചെയ്തു ക്ഷീണിച്ചുവരുന്ന എത്ര മനുഷ്യരും നാല്ക്കാലികളുമാണ് ഈ മരത്തണലിലിരുന്നു ക്ഷീണമകറ്റുന്നത്. എത്രയോ കിളികൾക്ക് ഈ മരം പാർപ്പിടമാണ്. എത്രമാത്രം ശുദ്ധവായു ഈ മരം പ്രപഞ്ചത്തിനു നല്കുന്നുണ്ട്. അപ്പോൾ ഇത് എങ്ങനെ ഒന്നിനും കൊള്ളാത്ത പാഴ്മരമാകും..? മക്കളേ ഈ പ്രപഞ്ചത്തിൽ ഒന്നും പാഴായതില്ല. നന്മ കാണാനുള്ള ശേഷി നമുക്കില്ല എന്നു കരുതി അവയെല്ലാം പാഴാണെന്ന് പറയാൻ നമുക്ക് അധികാരമുണ്ടോ..."

നന്മ കാണാനും വിശ്വസിക്കാനുമുള്ള ശേഷി ഓരോ കുട്ടിയിലും വളർന്നു വരണമെന്ന് ഇന്നത്തെ വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നു.

തൈരിൽ നിന്നു വെണ്ണ കടഞ്ഞെടുക്കുന്നതുപോലെ ഈ പ്രപഞ്ചത്തിൽ ലയിച്ചു ചേർന്നിരിക്കുന്ന നന്മയെ കടഞ്ഞെടുക്കുന്നതിനുള്ള അവസരമായി ഈ വിദ്യാലയവർഷത്തെ സമീപിക്കാം.

### മദ്യപാനിയുടെ മാനസാന്തരം



ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലെ ഗോവിന്ദപൂർ ഗ്രാമത്തിലാണ് ബി. രാംബാബു പ്രവർത്തിക്കുന്നത്. ഈ ഗ്രാമത്തിൽ നടക്കുന്ന കൂട്ടായ്മയിൽ സ്ഥിരമായി പങ്കെടുക്കുന്ന റേച്ചൽ എന്ന സ്ത്രീയുടെ ഭരത്താവ് മദ്യപാനിയായിരുന്നു. ഭർത്താവ് കൂട്ടായ്മയിൽ കടന്നു വരുന്നതിനെ വളരെയധികം എതിർത്തിരുന്നു. കൂട്ടായ്മയിൽ കടന്നുപോകരുത് എന്ന് പറഞ്ഞു തന്റെ ഭാര്യയെ മർദ്ദിച്ചു. ഈ വിവരം അറിഞ്ഞിട്ട് കൂട്ടായ്മയിൽ ഉള്ളവർ ഇവർക്കു വേണ്ടി ശക്തമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ തന്റെ ഭർത്താവും മാനസാന്തരപ്പെട്ട് കൂട്ടായ്മയിൽ കടന്നുവരാൻ തുടങ്ങി. പ്രതികൂലത്തെ അനുകൂലമാക്കി മാറ്റിയ ദൈവത്തിനു നന്ദി അർപ്പിക്കാം.

# രണ്ടു വിദ്യാലയ കഥകൾ

## സത്യം പറഞ്ഞാൽ

കണക്കുസാർ ക്ലാസിലെത്തി. എല്ലാവരും ഹോംവർക്കു കാണിച്ചു. വളരെ പ്രയാസമുള്ളതായിരുന്നു ആ കണക്ക്. ഒരാൾ മാത്രമാണ് ശരിയായി എഴുതിയത്. അധ്യാപകൻ താല്പര്യപൂർവ്വം ശ്രദ്ധിച്ചു. പിൻബഞ്ചിൽ ഇരിക്കുന്ന ഗോപാലാണ് ഉത്തരം കണ്ടുപിടിച്ചത്. "ഗോപാൽ ഇനിമുതൽ മുൻബഞ്ചിലാണ് ഇരിക്കേണ്ടത്." ഇതുകേട്ട് കുട്ടി എഴുന്നേറ്റ് തലതാഴ്ത്തി ഒരു നില്പ്.

അധ്യാപകൻ നിർബന്ധിച്ചു. പക്ഷേ, അവൻ അവിടെത്തന്നെ നിന്നു. "നീ മിടുക്കനല്ലേ ഗോപാൽ മിടുക്കൻമാർ പിറകിലിരിക്കാൻ പാടില്ല. മറ്റു കുട്ടികൾ നിന്നെ കണ്ടുവേണം പഠിക്കാൻ. പെട്ടെന്ന് ഗോപാൽ കരയാൻ തുടങ്ങി. കരയുന്നതിനിടെ അവൻ പറഞ്ഞു; "ഞാനല്ല കണക്കു ചെയ്തത്". വിഷമം പിടിച്ച ആ കണക്കു ചെയ്യാൻ അവൻ മറ്റൊരാളുടെ സഹായം തേടിയിരുന്നു.

അദ്ധ്യാപകന്റെ കണ്ണു നിറഞ്ഞു. അദ്ദേഹത്തിന്റെ ഹൃദയം അഭിമാനത്താൽ ജ്വലിച്ചു. ഗോപാലിന്റെ സത്യസന്ധത മനസ്സിലാക്കിയ അധ്യാപകൻ, എല്ലായിടത്തും അവൻ ഒന്നാമനാകുക തന്നെ ചെയ്യുമെന്നു പറഞ്ഞ് അനുഗ്രഹിച്ചു. അദ്ദേഹം അവനെ മുൻബെഞ്ചിൽ കൊണ്ടുവന്നിരുത്തി. എല്ലാവരും പഠിക്കേണ്ടതു ഗോപാലിന്റെ സത്യസന്ധതയാണെന്നു കുട്ടികളോടു പറഞ്ഞു.

ആ ഗോപാലാണ് ഇൻഡ്യ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ഉജ്ജ്വലവ്യക്തിത്വമായി മാറിയ ഗോപാലകൃഷ്ണ ഗോഖലെ. അദ്ദേഹത്തെ ഗാന്ധിജി രാഷ്ട്രീയ ഗുരുവായി അംഗീകരിച്ചിരുന്നു.

*"സത്യം നിങ്ങളെ സ്വതന്ത്രരാക്കും."*
*"ഞാൻ വഴിയും സത്യവും ജീവനുമാകുന്നു."*
*"സത്യത്തിനു സാക്ഷ്യം വഹിക്കുവാനാണു ഞാൻ വന്നിരിക്കുന്നത്."*

ഇതാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്.

## കവിത എഴുതിയ വാനമ്പാടി

'കുട്ടീ' അദ്ധ്യാപകന്റെ വിളികേട്ട് പെൺകുട്ടി ഞെട്ടി എഴുന്നേറ്റു. അധ്യാപകൻ കുട്ടിയുടെ അടുത്തെത്തി.

മേശപ്പുറത്തെ പുസ്തകത്തിൽ അവൾ കവിത എഴുതി വച്ചിരിക്കുന്നു.

"ക്ലാസ്സ് സമയത്താണോ കവിതയെഴുത്ത്."

അവൾ മറുപടി പറഞ്ഞില്ല.

"എന്താ നിന്റെ പേര്...?"

"സരോജിനി"

"അച്ഛന്റെ പേര്" ?

"അഘോരനാഥചതോപാദ്ധ്യായ". പെൺകുട്ടി പരിഭ്രമത്തോടെ പറഞ്ഞു.

ബംഗാളിലെ അറിയപ്പെടുന്ന പണ്ഡിതനാണ് അഘോരനാഥചതോപാദ്ധ്യായ. അദ്ദേഹത്തിന്റെ മകളാണ് ഈ പെൺകുട്ടി.

"പഠിക്കേണ്ട സമയത്ത് ഇങ്ങനെ എന്തെങ്കിലും കുത്തിക്കുറിച്ചിരിക്കുന്നതു ശരിയാണോ? താൻ മറ്റു ക്ലാസ്സുകളിലും ഇങ്ങനെയൊക്കെയാണോ?"

"ഇഷ്ടമില്ലാത്ത പാഠം പഠിക്കുമ്പോഴും, പഠിച്ച് മടുക്കുമ്പോഴും എനിക്കു കവിതയെഴുതാൻ തോന്നും. അങ്ങനെ എഴുതിയതാണ്. സാർ എന്നോട് ക്ഷമിക്കണം."

കുട്ടിയുടെ താഴ്മയോടെയുള്ള മറുപടി കേട്ട അധ്യാപകൻ ശാന്തനായി പറഞ്ഞു. "ശരി ശരി ഇനിയെങ്കിലും ക്ലാസ്സിൽ ശ്രദ്ധിച്ചു പഠിക്കാൻ നോക്ക്..."

ശരി സാർ.

അവൾ നല്ല ഒന്നാംതരം കവിതകളെഴുതി. പതിമൂന്നാം വയസ്സിൽ ഒരു മികച്ച കവയിത്രിയായി അവൾ അറിയപ്പെട്ടു. ഭാരതത്തിന്റെ വാനമ്പാടി സരോജിനി നായിഡു ആയിരുന്നു ആ പെൺകുട്ടി.

*"തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും"*
*"താഴ്മയുള്ളവനെ ദൈവം ഉയർത്തും"*

### കവിത

**ദൈവമേ ദൈവമേ**
**കൈവിടല്ലെ ഞങ്ങളെ**
**കാത്തുകൊൾക നിന്റെ**
**കുഞ്ഞുമക്കളാകും ഞങ്ങളെ.**

**യേശുവേ യേശുവേ**
**കൂടെ വന്നിരിക്കണം**
**ഒത്തിരിപ്പഠിക്കുന്നേരം**
**കൂട്ടുവന്നിരിക്കണം**

**പാവനാത്മ പാവനാത്മ**
**ബുദ്ധിയിൽ തെളിക്കണം**
**ശുദ്ധി തന്റെ ദീപമെന്നും**
**ശക്തിയായ് വരേണമേ**

EG NO. 337/14/15/ AL-86 TC III MONTHLY MALAYALAM REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

# ഗ്രേയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ ഒരുക്കുന്ന ഹോളി ലാന്റ് ടൂർ – വിശുദ്ധനാട് തീർത്ഥയാത്ര

**നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തു ജനിച്ചുവളർന്ന നാടുകളിലൂടെ, ബൈബിൾ ചരിത്രമുറങ്ങുന്ന യേശുനാഥന്റെ പുണ്യപാദങ്ങൾ പതിഞ്ഞ മണ്ണിലൂടെ ഒരു തീർത്ഥയാത്ര**

**2011 ഒക്ടോബർ രണ്ടാം ആഴ്ച**

**തിരുവനന്തപുരം – ജോർദാൻ – ഇസ്രായേൽ – പാലസ്തീൻ – സീനായ്– ഈജിപ്ത് – തിരുവനന്തപുരം**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പാദസ്പർശമേറ്റ ചരിത്ര മണ്ണിലേക്ക് വിശ്വാസികളുടെ സംഘം! യേശുവിന്റെ ജനനം, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, കുരിശുമരണം, ഉയർത്തെഴുന്നേൽപ്പ് തുടങ്ങിയ ചരിത്ര മുഹൂർത്തങ്ങൾ സംഭവിച്ച വഴിത്താരകളിലൂടെ ബ്രദർ ഡി.ജെ. അജിത്കുമാറിന്റെ നേതൃത്വത്തിൽ ആഴമേറിയ വിശ്വാസവും ആത്മഅനുഭവങ്ങളും നൽകുന്ന ഫെല്ലോഷിപ്പ് ടൂർ!



**1–ാം ദിവസം**
**തിരുവനന്തപുരം – അമ്മാൻ**

ജോർദ്ദാൻ, അമ്മാൻ, നെബോ പർവ്വതം, മദബാ, രാജവീഥി

**2–ാം ദിവസം**

ഇസ്രായേലിൽ എത്തിച്ചേർന്ന ശേഷം നസ്രത്ത്, കാനാവ്.

**3–ാം ദിവസം**

ഗലീല തടാകം, കഫർന്നഹൂം, പത്രോസിന്റെ ഭവനം, ഗലീല തടാകത്തിലൂടെ ബോട്ട് യാത്ര, ഗിരിപ്രഭാഷണ മല, താബ്ഗ

**4–ാം ദിവസം**

ജറുസലേം, ഗോൽഗോഥാ, ബഥേസ്ദാ കുളം, സെന്റ് ആൻസ് ചർച്ച്, വിലാപ വഴി, സീയോൻ മല, ദാവീദ് രാജാവിന്റെ കല്ലറ, മർക്കോസിന്റെ മാളിക മുറി, വിലാപമതിൽ, എൻകരീം, ചാവ് കടൽ, ബെഥാന്യ, താബോർ മല

**5–ാം ദിവസം**

ഒലിവ് മല, ഗത്സമന, കല്ലറത്തോട്ടം, യെരിഹോം, കണ്ണുനീർ തുള്ളിയുടെ ദേവാലായം, റഷ്യൻപള്ളി, യെഹൂദന്മാരുടെ ശ്മശാനം, ഡോം ഓഫ് ദ റോക്ക്, ജെറുശലേം നഗരത്തിലെ മതിലുകൾ, പരീക്ഷണ മല, യോർദാൻ നദി, ബേത്‌ലഹേം, തിരുപ്പിറവി പള്ളി, ഇടയന്മാരുടെ വയൽ.

**6–ാം ദിവസം**

സീനായ്, കുംമ്റാൻ, മസാദ, താബ, കത്തുന്ന മുൾപ്പടർപ്പ്, മോശയുടെ കിണർ.

**7–ാം ദിവസം**

സൂയസ്ടണൽ, നൈൽ നദിയിലൂടെ ആഡംബര കപ്പൽ യാത്ര.

**8–ാം ദിവസം**

പിരമിഡ്, പുരാതന കെയ്റോ, മ്യൂസിയം, സ്ഫിങ്ക്സ്.

**9–ാം ദിവസം**

കെയ്റോ – തിരുവനന്തപുരം

**Tour Fare Includes:**

Return Air Ticket, All taxes, Visa fees, Border tax, 4 Star hotel stay on twin-sharing basis, Daily breakfast, Lunch and dinner, sight seeing in air-conditioned coach, full days of tour with the service of local guides, tips to driver and guides & Medical insurance.

ഗൾഫ് രാജ്യങ്ങളിൽ നിന്നും റ്റൂർ ടീമിനോടൊപ്പം ചേരാൻ അവസരമുണ്ടായിരിക്കും.

ബന്ധപ്പെടുക :

**0471 – 2311439, 9895041002**

# ഗ്രേയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

**റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ**



**സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ**



**ഗ്രെയ്സ് ഫെസ്റ്റുകൾ**




**ക്രിസ്തുകൃപ ആശ്രമങ്ങൾ**



**ഹാപ്പി ഫാമിലി മിഷൻ**



**പബ്ലിക്കേഷൻസ്**




**മാസിക പ്രവർത്തനങ്ങൾ**




**സൗജന്യ വിദ്യാഭ്യാസ പരിപാടികൾ**



**ജി. എം. ഐയുടെ മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ മസി സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)